# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എഴുമറ്റൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം. കെ.എസ്.എ.പി.റ്റി.എ. പി 8/991/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 26/08/2025
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എഴുമറ്റൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം. കെ.എസ്.എ.പി.റ്റി.എ. പി 8/991/2025 തീയ്യതി: 26/08/2025

## പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽകുമാർ റ്റി. | ഡെപ്യൂട്ടി ഡയറക്ടർ | 25-07-2025 | 02-08-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-07-2025 | 02-08-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ

ശ്രീമതി വീണ സി, ഓഡിറ്റ് ഓഫീസർ

ശ്രീ. ഹരികുമാർ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി സിന്ധുമോൾ വി.എൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജിജി പി. എബ്രഹാം | പ്രസിഡന്റ് | 01-04-2024 | 17-08-2024 |
| ശ്രീ. സാജൻ(സാബു) | പ്രസിഡന്റ് | 18-08-2024 | 09-09-2024 |
| ശ്രീമതി ഉഷ ജേക്കബ് | പ്രസിഡന്റ് | 10-09-2024 | 31-03-2025 |
| ശ്രീ. ഗിരീഷ്കുമാർ ജെ. | സെക്രട്ടറി | 01-04-2024 | 31-03-2025 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ദീപ കെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി മാലിനി ജി.പിള്ള | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീ. അമൽ സുരേഷ് | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. ജ്യോതീന്ദ്രൻ എസ്. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2024 | 31-03-2025 |
| ഡോ. കണ്ണൻ എ. | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ വീണ എൽ. നടരാജ് | മെഡിക്കൽ ഓഫീസർ(ആയുർവേദം | 01-04-2024 | 13-05-2024 |
| ഡോ. ജിൻസി മേരി ബി.എൽ. | മെഡിക്കൽ ഓഫീസർ(ആയുർവേദം | 14-05-2024 | 21-11-2024 |
| ഡോ. അപർണ്ണ സെൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം | 22-11-2024 | 31-03-2025 |
| ശ്രീമതി ഷൈല പി. മാത്യു | ഹെഡ്മിസ്ട്രസ് | 01-04-2024 | 31-03-2025 |
| ശ്രീമതി പ്രസന്ന കുമാരി സി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീമതി ജെസ്സി തോമസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി ശിൽപ പ്രദീപ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 30-06-2024 |
| ശ്രീമതി ലീന മേരി | അസി.ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-07-2024 | 31-12-2024 |
| ശ്രീ. മനു ചന്ദ്രൻ | അസി.ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-01-2025 | 31-03-2025 |
| കുമാരി ആതിര പി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (തെള്ളിയൂർ സർക്കിൾ) | 01-04-2024 | 31-03-2025 |
| ശ്രീമതി മീര നമ്പൂതിരി | വില്ലേജ് എക്സ്റ്റൻഷൻ | 01-04-2024 | 12-09-2024 |

| | | | |
|---|---|---|---|
| | ഓഫീസർ (എഴുമറ്റൂർ സർക്കിൾ) | | |
| കുമാരി ആതിര പി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എഴുമറ്റൂർ സർക്കിൾ) | 13-09-2024 | 14-10-2024 |
| ശ്രീ. രാജേഷ് ഡി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എഴുമറ്റൂർ സർക്കിൾ) | 15-10-2024 | 25-11-2024 |
| കുമാരി ആതിര പി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എഴുമറ്റൂർ സർക്കിൾ) | 26-11-2024 | 06-01-2025 |
| ശ്രീമതി ആതിര എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എഴുമറ്റൂർ സർക്കിൾ) | 07-01-2025 | 31-03-2025 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-1 |
| 3 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-2 |
| 4 | നിക്ഷേപ പ്രവൃത്തികൾ - നീക്കിയിരിപ്പ് തുക കൃത്യമല്ല | 1-1-3 |
| 5 | തൊഴിലുറപ്പ് പദ്ധതി-നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ചെലവുകൾ ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്യില്ല | 1-1-5 |
| 7 | ബാങ്ക് റിക്കൺസിലിയേഷൻ നടത്തിയതിൽ അപാകത | 1-1-6 |
| 8 | സാക്ഷരത: ബാധ്യത ഹെഡിൽ അക്കൗണ്ട് ചെയ്തില്ല | 1-1-7 |
| 9 | ഗുണഭോക്തൃ വിഹിതം- നീക്കിയിരിപ്പ് തുക കൃത്യമല്ല | 1-1-8 |
| 10 | വായ്പ- നീക്കിയിരിപ്പിൽ വ്യത്യാസം | 1-1-9 |
| 11 | ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-11 |
| 12 | തൊഴിലുറപ്പ് പദ്ധതി-വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 13 | ജേണൽ വൗച്ചറുകൾക്ക് ആധികാരികതയില്ല | 1-1-13 |
| 14 | ചെലവ് തുക റവന്യൂ ഹെഡിലേക്ക് മാറ്റിയില്ല | 1-1-14 |
| 15 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- വരവ് അക്കൗണ്ട് ചെയ്തതിൽ അപാകത | 1-1-15 |
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തിക നില | 1-3 |
| 18 | ഗ്രാന്റ് വിനിയോഗം | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | ക്ഷേമ പദ്ധതികൾ | 1-7 |
| 22 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 23 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 25 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല | 1-11 |
| 26 | തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പരിഷ്കരിച്ചിട്ടില്ല | 1-12 |
| 27 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു | 1-13 |
| 28 | അൺ - എയ്ഡഡ് സ്കൂളിന്റെ വസ്തുനികുതി അസസ്സ് ചെയ്തെങ്കിലും ഈടാക്കിയിട്ടില്ല | 1-14 |
| 29 | ലൈസൻസ് ഫീസ് പിരിവ്- അപാകങ്ങൾ | 1-15 |
| 30 | ധാതുഗതാഗത പെർമിറ്റ്- കെട്ടിട നിർമ്മാണം-തുടർനടപടികൾ അനിവാര്യം | 1-16 |

| | | |
|---|---|---|
| 31 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു | 1-17 |
| 32 | വാണിജ്യ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു | 1-18 |
| 33 | വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു | 1-19 |
| 34 | തനത് വരുമാനം ഒന്നിലധികം ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിരിക്കുന്നു | 1-20 |
| 35 | ക്വാറിയുടെ കോർപ്പറേറ്റ് എൻവിറോൺമെന്റ് റെസ്പോൺസിബിലിറ്റി (സി.ഇ.ആർ) പ്രവർത്തനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കണം | 1-21 |
| 36 | മരണപ്പെട്ട ഗുണഭോക്താക്കളുടെ ക്ഷേമപെൻഷൻ സ്റ്റാറ്റസ് യഥാസമയം സസ്പെന്റ് ചെയ്തില്ല | 1-22 |
| 37 | രജിസ്റ്റർ പ്രിന്റ് ചെയ്ത് ലഭിക്കുന്നതിനു മുൻപേ തന്നെ ചെലവു നടത്തി | 1-23 |
| 38 | ഇൻവർട്ടർ സ്ഥാപിച്ചിട്ടില്ല കെട്ടിടം പണി പൂർത്തീകരിക്കുന്നതിനു മുൻപ് ഇൻവെർട്ടർ വാങ്ങി-പ്രോജക്റ്റ് ലക്ഷ്യപ്രാപ്തിയിലെത്തിയില്ല | 1-24 |
| 39 | മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു | 1-25 |
| 40 | വെള്ളക്കരം കുടിശ്ശികത്തുകയുടെ കൃത്യത പരിശോധിക്കേണ്ടതാണ് | 1-26 |
| 41 | വെള്ളക്കരം തുക ഒടുക്കിയത് കുടിശ്ശിക കണക്കിൽ കുറച്ചിട്ടില്ല | 1-27 |
| 42 | ഫണ്ട് ലഭ്യമായില്ല | 1-28 |
| 43 | യോഗ നടപടികളുടെ മിനിട്ട്സ് തയ്യാറാക്കിയതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ചില്ല | 1-29 |
| 44 | ഭവനപുനരുദ്ധാരണം ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചില്ല | 1-30 |
| 45 | ഗ്രാന്റ് വിനിയോഗത്തിലെ കുറവ് -ഷോർട്ട്ഫോളിനത്തിൽ തുക നഷ്ടപ്പെട്ടു | 1-31 |
| 46 | ഇലക്ട്രിഫിക്കേഷൻ നടത്തിയില്ല- പദ്ധതി ഭൗതിക ലക്ഷ്യം കൈവരിച്ചില്ല | 1-32 |
| 47 | നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം- പദ്ധതി ചെലവ് നിഷ്ക്രിയമാകുന്നു | 1-33 |
| 48 | ഇ-ടെണ്ടർ ഫീ - ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയില്ല | 1-34 |
| 49 | കരാർ കാലാവധിയിൽ പൂർത്തീകരിക്കാത്ത പ്രവൃത്തിക്ക് പിഴ ഈടാക്കിയില്ല | 1-35 |
| 50 | മരാമത്ത് പ്രവൃത്തികൾ ഇൻഷ്വർ ചെയ്യുന്നില്ല | 1-36 |
| 51 | നിക്ഷേപ പ്രവൃത്തികൾ- തിരികെ ലഭിച്ച തുക അക്കൗണ്ടിൽ അവശേഷിക്കുന്നു | 1-37 |
| 52 | അങ്കണവാടിയോടു ചേർന്ന് നിർമ്മിച്ച എം.സി.എഫ്. നിഷ്ക്രിയ ആസ്തിയായി | 1-38 |
| 53 | മുൻ വർഷങ്ങളിൽ എഗ്രിമെന്റ് വെച്ച പ്രവൃത്തികൾ നടപ്പായില്ല-പദ്ധതിപ്പണം ലാപ്സായി | 1-39 |
| 54 | അങ്കണവാടികൾ-അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത | 1-40 |
| 55 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-അർഹമായ മുഴുവൻ കാലയളവിലും ആനുകൂല്യം നല്കിയിട്ടില്ല | 1-41 |
| 56 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല | 1-42 |
| 57 | ജൽ ജീവൻ മിഷൻ പദ്ധതി - അവലോകനം | 1-43 |
| 58 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-44 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | മെഡിസെപ്പ് പ്രീമിയം ഒടുക്കിയതിന്റെ - വിവരങ്ങൾ | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-9 |
| 10 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം –1

## പൊതു അവലോകനം

### 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും, 31/03/2025 തീയതിയിലെ ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റ് ഉൾപ്പെടെയുള്ള ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും, ഭരണസമിതിയുടെ 31/05/2025 തീയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 06/06/2025-ൽ എയിംസിലൂടെ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും, ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കേണ്ടത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി.&എ.ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ടെന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട്ടുകൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2025-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2025-ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട
26/08/2025

### 1–1–1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ ആകെ ക്യാഷ് ഫ്ലോയും അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരുപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-2 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് എന്നീ വരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. വരവിനങ്ങളുടെ എല്ലാ ഡിമാന്റ് എൻട്രികളും മാർച്ച് 31-നാണ് ബുക്ക് ചെയ്തിരിക്കുന്നത്.

### 1-1-3 നിക്ഷേപ പ്രവൃത്തികൾ – നീക്കിയിരിപ്പ് തുക കൃത്യമല്ല

ഷെഡ്യൂൾ ബി-18: നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ നീക്കിയിരിപ്പ് കൃത്യമല്ല. നിക്ഷേപിച്ചതും, വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതുമായ തുകകളുടെ കൃത്യമായ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തുകയോ, രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

### 1-1-4 തൊഴിലുറപ്പ് പദ്ധതി-നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി-18: Advance To MGNREGS- വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള നീക്കിയിരിപ്പ് തുക (രൂ, 8,68,571) യഥാർത്ഥ കണക്കുകളുമായി (രൂ.10,75,647) 2,07,076 രൂപയുടെ വ്യത്യാസമുണ്ട്.

### 1-1-5 ചെലവുകൾ ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല

(1). ഷെഡ്യൂൾ ബി-18: വെള്ളക്കരം കുടിശ്ശിക ഒടുക്കിയത് ₹ 7,13,100, Water Charge For Street Tap( 230110101) എന്ന റവന്യൂ ഹെഡിൽ അക്കൗണ്ട് ചെയ്യേണ്ടതിന് പകരം Deposit With KWA(460500201) ഹെഡിൽ തെറ്റായി അക്കൗണ്ട് ചെയ്തു.

(2). ഷെഡ്യൂൾ ബി-11(e): Capital Expense(Infrastructure Sector)- പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം പൂർത്തിയാകുന്നതിന് മുമ്പ് തന്നെ ചെലവ് തുക ആസ്തി ഹെഡിൽ ബുക്ക് ചെയ്തു. ₹ 6,79,282 Capital Work In Progress-ൽ ആയിരുന്നു അക്കൗണ്ട് ചെയ്യേണ്ടിയിരുന്നത്.

(3). ഷെഡ്യൂൾ I-14 (A): ഗവ. എൽ.പി.എസ്. ടോയ്ലറ്റ് നിർമ്മാണം (പ്രോജക്ട് നം. 159/25)- ചെലവ് തുക (₹ 60,805) ആസ്തി ഹെഡിൽ ബുക്ക് ചെയ്യേണ്ടതിന് പകരം റവന്യൂ ഹെഡിൽ (251100008) ബുക്ക് ചെയ്തു.

### 1-1-6 ബാങ്ക് റിക്കൺസിലിയേഷൻ നടത്തിയതിൽ അപാകത

ഷെഡ്യൂൾ ബി-17: SIB Vennikulam(A/C No. 10658) പാസ് ബുക്ക് നീക്കിയിരിപ്പും (₹ 6563518) വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ (₹ 6573724) 10,206 രൂപയുടെ വ്യത്യാസം ഉണ്ട്. ആയത് റിക്കൺസിലിയേഷൻ നടത്തി ബാങ്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തിയില്ല.

### 1-1-7 സാക്ഷരത: ബാധ്യത ഹെഡിൽ അക്കൗണ്ട് ചെയ്തില്ല

ഷെഡ്യൂൾ ബി-17: DCB സാക്ഷരത അക്കൗണ്ട്- നീക്കിയിരിപ്പ് തുക(₹15,529) ബാലൻസ് ഷീറ്റിൽ ബാധ്യതയായി (ഷെഡ്യൂൾ ബി-4 ൽ) ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-8 ഗുണഭോക്തൃ വിഹിതം- നീക്കിയിരിപ്പ് തുക കൃത്യമല്ല

ഷെഡ്യൂൾ ബി-4: ഗുണഭോക്തൃ വിഹിതം: ബാലൻസായി രേഖപ്പെടുത്തിയിട്ടുള്ള തുക (₹5,40,984) കൃത്യമല്ല. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് തിരികെ നൽകിയ തുക ബാധ്യത ഹെഡിൽ കുറവ് ചെയ്തിട്ടില്ല.

### 1-1-9 വായ്പ- നീക്കിയിരിപ്പിൽ വ്യത്യാസം

ഷെഡ്യൂൾ ബി-5: ലൈഫ് മിഷൻ വായ്പ തുകയും വാർഷിക കണക്കുകളും പൊരുത്തപ്പെടുന്നില്ല. മുൻവർഷം KURDFC-യിൽ നിന്നും എടുത്ത വായ്പയുടെ ബാധ്യതയായി കാണിച്ചിരിക്കുന്നത് 35,09,599 രൂപയാണ്. എന്നാൽ യഥാർത്ഥ ബാധ്യത കണക്കാക്കേണ്ടത് 33,35,481 രൂപയാണ്. വാർഷിക കണക്കിൽ 1,74,118 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

### 1-1-11 ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല

ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല. ആസ്തികൾ സൃഷ്ടിക്കുന്നതിന് ചെലവായ തുക കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് കൃത്യമായി മാറ്റി അക്കൗണ്ട് ചെയ്തിട്ടില്ല.

### 1-1-12 തൊഴിലുറപ്പ് പദ്ധതി-വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ് പദ്ധതി- വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് ചെലവു കണക്കുകൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-13 ജേണൽ വൗച്ചറുകൾക്ക് ആധികാരികതയില്ല

ജേണലുകൾ വഴി രേഖപ്പെടുത്തുന്ന എൻട്രികൾക്ക് ആധികാരികതയില്ല. അംഗീകൃത വൗച്ചറുകളോ രേഖകളോ സൂക്ഷിച്ചിട്ടില്ല.

### 1-1-14 ചെലവ് തുക റവന്യു ഹെഡിലേക്ക് മാറ്റിയില്ല

ഷെഡ്യൂൾ ബി-4: Contributions For Other Specific Purposes- From Block Panchayats (320700404) ലൈഫ് പദ്ധതി- ചെലവ് തുക ബാധ്യത ഹെഡിൽ കുറവ് ചെയ്തിട്ടില്ല.

### 1-1-15 ധനകാര്യ കമ്മീഷൻ ഗ്രാന്റ്- വരവ് അക്കൗണ്ട് ചെയ്തതിൽ അപാകത

ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ടൈഡ് & അൺ ടൈഡ് ഗ്രാന്റുകളുടെ വരവ് അക്കൗണ്ട് ചെയ്തതിൽ 8,78,000 രൂപയുടെ വ്യത്യാസമുണ്ട് (ഹെഡുകൾ പരസ്പരം മാറിയതുമൂലം). ആയതിനാൽ നീക്കിയിരിപ്പ് തുകയിലും ഇവ തമ്മിൽ 8,78,000 രൂപ യുടെ വ്യത്യാസമുണ്ട്.

## 1-2 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 6-2-2024 തീയതിയിലെ യോഗത്തിലെ 2(1) നമ്പർ തീരുമാനപ്രകാരമുള്ള ബജറ്റ് ശുപാർശകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് 9-2-2024 തീയതിയിൽ ചേർന്ന ഭരണസമിതിയുടെ സാധാരണയോഗത്തിൽ 1(1) നമ്പറായി അവതരിപ്പിക്കുകയും 13-2-2024 തീയതിയിൽ ഭരണസമിതിയുടെ സാധാരണ യോഗത്തിൽ 3(1) നമ്പർ തീരുമാന പ്രകാരം ഭേദഗതികളോടുകൂടി അംഗീകരിക്കുകയുമുണ്ടായി. ഭരണസമിതിയുടെ 25-3-2025 തീയതിയിലെ സാധാരണയോഗത്തിൽ 2(1) നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം ₹ | പുതുക്കിയ ബജറ്റ് പ്രകാരം ₹ |
|---|---|---|
| മുന്നിരിപ്പ് | 10379102 | 9549183 |
| വരവ് | 149724000 | 167418750 |
| ആകെ | 160103102 | 176967933 |
| ചെലവ് | 150992000 | 166920831 |
| നീക്കിയിരിപ്പ് | 9111102 | 10047102 |

## 1-3 സാമ്പത്തിക നില

| ഇനം | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 1,74,84,852 | -- |
| ഓഡിറ്റ് വർഷത്തെ വരവ് | 4,45,82,327 | 12,95,90,871 |
| ആകെ വരവ് | 6,20,67,179 | |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,00,94,969 | 12,28,73,548 |

| | | |
|---|---|---|
| നീക്കിയിരിപ്പ് | 31,972,210 | -- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ/ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | -- | 1,40,26,000 | 1,40,26,000 | 1,39,75,577 | -- | 50,423 |
| വികസന ഫണ്ട്-എസ്.സി.പി | -- | 38,12,000 | 38,12,000 | 38,04,480 | -- | 7,520 |
| വികസന ഫണ്ട്-റ്റി.എസ്.പി | Xx | Xx | Xx | Xx | Xx | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)-ബാങ്ക് | 47,82,004 | 56,03,500 | 1,03,85,504 | 16,58,006 | 87,27,498 | -- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്)-ബാങ്ക് | 26,13,893 | 23,63,290 | 53,39,354 | 27,72,113 | 25,67,241 | -- |
| | പലിശ | 3,62,171 | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)-ട്രഷറി | -- | 47,670 | 47,670 | -- | -- | 47,670 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | -- | 90,61,000 | 90,61,000 | 48,81,728 | -- | 41,79,272 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | -- | 50,60,000 | 50,60,000 | 36,73,109 | -- | 13,86,891 |
| സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| ഹെൽത്ത് ഗ്രാന്റ് | 558051 | 3,30,083 | 8,88,134 | 6,80,205 | 2,07,929 | -- |
| ,, | 252036 | 5,36,980 | 7,89,016 | 2,39,500 | 5,49,516 | -- |
| ഐ.സി.ഡി.എസ്. | 1190591 | 14,16,142 | 26,06,733 | 4,98,687 | 21,08,046 | -- |
| സാക്ഷരത | 15529 | -- | 15,529 | -- | 15,529 | -- |
| പൈക്ക | 73000 | -- | 73,000 | -- | 73,000 | -- |
| സമ്പൂർണ്ണ ശുചിത്വം | 56456 | -- | 56,456 | -- | 56,456 | -- |

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് & അൺ ടൈഡ് ഗ്രാന്റുകളുടെ വരവ് അക്കൗണ്ട് ചെയ്യതിൽ 8,78,000 രൂപയുടെ വ്യത്യാസമുണ്ട് (ഹെഡുകൾ പരസ്പരം മാറിയതുമൂലം). ആയതിനാൽ നീക്കിയിരിപ്പ് തുകയിലും ഇവ തമ്മിൽ 8,78,000 രൂപ യുടെ വ്യത്യാസമുണ്ട്.

ജനറൽ പർപ്പസ് ഗ്രാന്റായി തൻവർഷം 12ഗഡുക്കളിലായി 1,30,83,355 രൂപ സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്. സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|

| | | |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 3,93,786 |
| ,, | അങ്കണവാടി അധിക വേതനം | 9,19,800 |
| വികസന ഫണ്ട്-എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 2,34,706 |

## 1-5 പദ്ധതി അവലോകനം

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | ആകെ അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 213 | **113528956** | **138** | **40996564** | 75 | 36.11 |

**നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം**

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 8 | 2346108 | 2236093 | 95.31 |
| വെറ്ററിനറി സർജൻ | 6 | 6 | 2410000 | 1144249 | 47.47 |
| മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 11 | 10 | 2696296 | 2023464 | 75.04 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 4 | 2 | 828500 | 401000 | 48.40 |
| സബ് ഇൻസ്പെക്ടർ, ഫിഷറീസ് | 1 | 1 | 60000 | 24000 | 40 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 10 | 8 | 55048800 | 11858545 | 21.54 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 12 | 9 | 4156994 | 661576 | 15.91 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 190000 | 184961 | 97.34 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 16 | 12 | 6565028 | 4120417 | 62.76 |
| സെക്രട്ടറി | 42 | 26 | 10049409 | 4638866 | 46.16 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1400000 | 735870 | 52.56 |
| ഹെഡ്മാസ്റ്റർ | 4 | 3 | 803500 | 449845 | 55.98 |
| അസി.എഞ്ചിനീയർ | 82 | 38 | 24378464 | 11416030 | 46.82 |
| അസി.സെക്രട്ടറി | 12 | 11 | 2595857 | 1200648 | 46.25 |
| **ആകെ** | **213** | **138** | **113528956** | **40996564** | 36.11 |

(അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ കേരളോൽസവത്തിന്റെ ചെലവ് 72755, എസ്.സി വിഭാഗങ്ങൾക്ക് വാട്ടർ ടാങ്ക് നൽകൽ ഗുണഭോക്തൃവിഹിതം ചെലവ് 10149എന്നിവ സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. സുലേഖ ചെലവ്പത്രികയിൽ ആകെ അടങ്കൽ 111980664രൂപയെന്നും, ആകെ ചെലവ് 40913660 എന്നുമാണ് ചേർത്തിരിക്കുന്നത്. സുലേഖ പത്രികയിൽ ഉൾപ്പെടുത്താത്ത ചെലവ്തുകകൾ കൂടി ചേർത്ത അടങ്കൽ 113528956 രൂപയും ആകെചെലവ് 40996564 രൂപയുമാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.)

പദ്ധതിയുടെ മുന്നൊരുക്കപ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ചത് അംഗീകരിച്ചത് | 7-12-2023-ലെ3(1)നമ്പർ തീരുമാനം |
| ആസൂത്രണസമിതി യോഗം ചേർന്നത് | 20-12-23 |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 22-12-2023 |
| വർക്കിംഗ് ഗ്രൂപ്പ് | 20-12-2023 |
| ഭിന്നശേഷ ഗ്രാമസഭ | 5-1-2024 |
| വയോജന ഗ്രാമസഭ | 6-1-2024 |
| വികസന സെമിനാർ | 12-1-2024 |

**ബി) ഓഡിറ്റ് വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട മറ്റു പ്രസക്ത വിവരങ്ങൾ:**

- ആവിഷ്കരിച്ച 213പ്രോജക്ടുകളിൽ 138 എണ്ണം മാത്രമാണ് നടപ്പാക്കാൻ കഴിഞ്ഞത്.
- സർക്കാരിൽനിന്ന് ലഭ്യമായ വികസനഫണ്ട് തുകകൾ യഥാസമയം വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്.
- ലഭ്യമായ നിർവ്വഹണ ഉദ്യോഗസ്ഥരെ വാർഷിക പദ്ധതിയുടെ ഭാഗമാക്കാൻ കഴിഞ്ഞു.
- കൃഷി, ക്ഷീരവികസന, മൃഗസംരക്ഷണ സേവനമേഖലകളിൽ ആവർത്തന സ്വഭാവമുള്ളതെങ്കിലും ആവിഷ്കരിച്ച പ്രോജക്ടുകൾ ഭൂരിഭാഗവും നടപ്പാക്കി.
- പ്രോജക്ടുകളുടെ മോണിട്ടറിംഗ് കാര്യക്ഷമമല്ല. തുക ചെലവഴിച്ചതിനു ശേഷം പ്രോജക്ട് സംബന്ധിച്ച് തുടർ നിരീക്ഷണങ്ങൾ നടത്തുന്നില്ല. ചെലവഴിച്ച തുകയുടെ അടിസ്ഥാനത്തിൽ പ്രോജക്ട് ലക്ഷ്യം കൈവരിച്ചോ എന്ന് വിലയിരുത്തേണ്ടതും, ആവശ്യമായ ഘട്ടങ്ങളിൽ ഇടപെടലുകൾ നടത്തേണ്ടതുമാണ്.
- ഭവന പുനരുദ്ധാരണപ്രവർത്തനങ്ങൾക്കായി മുൻ വർഷങ്ങളിൽ ആദ്യഗഡു തുകകൾ കൈപ്പറ്റിയ ഏതാനും ഗുണഭോക്താക്കൾ നിർമ്മണം പൂർത്തീകരിച്ചിട്ടില്ല.
- നിക്ഷേപ പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസികൾക്ക് തുക കൈമാറുന്നതിൽ പദ്ധതി പ്രവർത്തനം അവസാനിപ്പിക്കുന്നു. നൽകിയ തുക ഫലപ്രദവും സമയബന്ധിതവുമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ നടപടികളില്ല.
- പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ വിച്ഛേദിക്കുന്നതിന് പദ്ധതിത്തുക വിനിയോഗിക്കുകയും, തൽഫലമായി പൊതുടാപ്പുകളുടെ എണ്ണം 15ആയി കുറക്കുന്നതിനും, അതുവഴി കുടിവെള്ളടാപ്പുകളുടെ ചാർജിനത്തിലുള്ള ആവർത്തനച്ചെലവ് ഗണ്യമായതോതിൽ കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്.
- മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺറോഡ് ഇനങ്ങളിൽ 80%ചെലവ് പരിധി കൈവരിക്കാത്തതിനാൽ അടുത്ത വർഷം ഷേർട്ട്ഫാളിനത്തിൽ ഗണ്യമായതുകയുടെ കുറവ് വരുന്നതാണ്.

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 14,228 | 18,28,202 | 18,42,430 | 17,92,741 | 49,689 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | ഇല്ല | 1,96,36,056 | 1,96,36,056 | 1,96,36,056 | ഇല്ല |
| ആകെ | 14,228 | 2,14,64,258 | 2,14,78,486 | 2,14,28,797 | 49,689 |

ഭരണച്ചെലവ് -വരവ് ചെലവ് കണക്കുകളിൽ ഗ്രാമപഞ്ചായത്തിൽനിന്ന് ലഭിച്ചതും തിരികെ നൽകിയതുമായ തുകകൾ കൂടി ഉൾപ്പെടുന്നു.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 31245500 | 2190 |
| കർഷക തൊഴിലാളി പെൻഷൻ | 2565600 | 149 |
| വിധവ പെൻഷൻ | 7804200 | 535 |
| അവിവാഹിതരായ50 വയസിലധികം പ്രായമുള്ള വനിതകൾക്ക് ഉള്ള പെൻഷൻ | 204800 | 13 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 3274600 | 211 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.07.2025 തീയതിയിൽ 3.00 P.M-ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6168 രൂപ (ആറായിരത്തി ഒരുനൂറ്റി അറുപത്തിയെട്ട് രൂപ) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. ജോലി വിഭജന ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. ജീവനക്കാർ സ്ഥലംമാറി പോകുമ്പോൾ ചുമതല യഥാവിധി കൈമാറുന്നുണ്ടെന്നും ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നും ഉത്തരവാദപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്. ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ സാമ്പത്തിക വിനിമയങ്ങൾ ILGMS സോഫ്റ്റ്‌വെയർ വഴിയാണ് നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിന്തുടരുന്നു. എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. അക്കൗണ്ടിംഗിലെ അപാകതകൾ ഖണ്ഡിക 1-1 ൽ പരാമർശിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വരവിനങ്ങളുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. ന്യൂബിൽഡിംഗ് രജിസ്റ്റർ, ഇൻകംബൻസി രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹിച്ച വാർഷിക പദ്ധതി പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകളും മെച്ചപ്പെട്ട നിലയിൽ സൂക്ഷിച്ചിട്ടുണ്ട്. നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിൽ കൂടുതൽ കാര്യക്ഷമത പുലർത്തേണ്ടതാണ്. തൊഴിൽ നികുതി, ലൈസൻസ് എന്നിവ സംബന്ധിച്ച ഡാറ്റാബേസ് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബജറ്റ് മാന്വലിലെ വ്യവസ്ഥകൾക്കനുസൃതമായാണ് ബജറ്റ് തയ്യാറാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ നടപടിക്രമങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തുന്നതായി കാണുന്നില്ല. പദ്ധതി രൂപീകരണം സംബന്ധിച്ചോ, മോണിറ്ററിംഗ് സംബന്ധിച്ചോ വിശദമായ ചർച്ചകൾ നടന്നിട്ടുള്ളതായി മിനുട്ടസിൽ നിന്നും വ്യക്തമാകുന്നില്ല. പദ്ധതി നടത്തിപ്പിൽ കൃത്യമായ മോണിറ്ററിംഗ് ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ചുമതലയാണ്. എന്നാൽ പ്രൊജക്ട് ഫയലുകളിൽ വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ കൂടുതൽ മെച്ചപ്പെടുത്തലുകൾ വരുത്തേണ്ടതാണെന്ന് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03/07/2018 - 11/07/2018 | 2013-14 - 2017-2018 | 10/08/2018 |
| പെർഫോമൻസ് ഓഡിറ്റ് | 2022 മാർച്ച് | 2021 ഏപ്രിൽ – 2022 മാർച്ച് | 26/11/2022 |

## 1-11 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല

തൊഴിൽ നികുതി അസസ്സ് ചെയ്യുന്നതിനും, ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, അർദ്ധവാർഷിക റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

**1. ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്യുന്നതിൽ വീഴ്ച**

ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2024-25 വർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ, എഴുമറ്റൂർ | ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | കാച്ചനാത്ത് മിനറൽസ് & മെറ്റൽസ്, എഴുമറ്റൂർ | രണ്ടാം അർദ്ധ വർഷം |
| 3 | ഡോക്ടേർസ് മെഡികെയർ, തടിയൂർ | രണ്ടാം അർദ്ധ വർഷം |
| 4 | രവീന്ദ്രാ റോക്സ് പ്രോഡക്ട്സ്, എഴുമറ്റൂർ | ഒന്നാം അർദ്ധ വർഷം |
| 5 | ഫെഡറൽ ബാങ്ക്, തെള്ളിയൂർ | ഒന്നാം അർദ്ധ വർഷം |
| 6 | സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്, തടിയൂർ | ഒന്നാം അർദ്ധ വർഷം |
| 7 | മേലേക്കുറ്റ് വുഡ് ഇൻഡസ്ട്രീസ് | ഒന്നാം അർദ്ധ വർഷം |
| 8 | തിരുവിതാംകൂർ ദേവസ്വം ബോർഡ് | ഒന്നാം അർദ്ധ വർഷം |
| 9 | ബീനാ ഹോട്ടൽ | രണ്ടാം അർദ്ധ വർഷം |
| 10 | എവർഡെക്കോർ ഫർണിച്ചർ, എഴുമറ്റൂർ | രണ്ടാം അർദ്ധ വർഷം |
| 11 | ഇ.എ.എൽ.പി.എസ്, വേങ്ങഴ | ഒന്നും രണ്ടും അർദ്ധ വർഷം |
| 12 | റ്റോഡി ഷാപ്പ് ടി.എസ് നം. 8, എഴുമറ്റൂർ | ഒന്നും രണ്ടും അർദ്ധ വർഷം |
| 13 | ഐ.ബി.ഡയഗണോസ്റ്റിക് സെന്റർ, വെണ്ണിക്കുളം | ഒന്നും രണ്ടും അർദ്ധ വർഷം |
| 14 | കെയർവെൽ ഹോമിയോപതിക് ക്ലിനിക്, തടിയൂർ | ഒന്നും രണ്ടും അർദ്ധ വർഷം |
| 15 | ന്യൂ മെഡികെയർ ഡയഗണോസ്റ്റിക് സെന്റർ, എഴുമറ്റൂർ | ഒന്നും രണ്ടും അർദ്ധ വർഷം |

| | | |
|---|---|---|
| 16 | തിരുവല്ല ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്, വാളക്കുഴി | രണ്ടാം അർദ്ധ വർഷം |
| 17 | കൊറ്റൻകുടി ക്ഷീരോല്പാദക സംഘം | ഒന്നും രണ്ടും അർദ്ധ വർഷം |
| 18 | മേമല ക്ഷീരോല്പാദക സംഘം | ഒന്നും രണ്ടും അർദ്ധ വർഷം |
| 19 | ചാലാപ്പള്ളി ക്ഷീരോല്പാദക സംഘം | ഒന്നും രണ്ടും അർദ്ധ വർഷം |

**2. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | തിരുവല്ല ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്, വാളക്കുഴി | ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | ഡോക്ടേർസ് മെഡികെയർ , തടിയൂർ | ഒന്നും രണ്ടും അർദ്ധ വർഷം |
| 3 | ഫെഡറൽ ബാങ്ക്, തെള്ളിയൂർ | ഒന്നാം അർദ്ധ വർഷം |
| 4 | സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്, തടിയൂർ | ഒന്നും രണ്ടും അർദ്ധ വർഷം |
| 5 | ഐ.ബി.ഡയഗണോസ്റ്റിക് സെന്റർ, വെണ്ണിക്കുളം | ഒന്നും രണ്ടും അർദ്ധ വർഷം |
| 6 | ലക്ഷ്മി ഫാഷൻ ജുവലേഴ്സ്, തടിയൂർ | ഒന്നും രണ്ടും അർദ്ധ വർഷം |
| 7 | ന്യൂ മെഡികെയർ ഡയഗണോസ്റ്റിക് സെന്റർ, എഴുമറ്റൂർ | ഒന്നും രണ്ടും അർദ്ധ വർഷം |
| 8 | മെട്രോപ്ലസ് ലബോറട്ടറി, തടിയൂർ | ഒന്നും രണ്ടും അർദ്ധ വർഷം |
| 9 | എച്ച്.എൽ.ബയോമെഡിക്കൽസ്, വെണ്ണിക്കുളം | ഒന്നും രണ്ടും അർദ്ധ വർഷം |
| 10 | നക്ഷത്ര ജുവലറി, ചാലാപ്പള്ളി | ഒന്നും രണ്ടും അർദ്ധ വർഷം |
| 11 | മെട്രോപ്ലസ് ലബോറട്ടറി, തടിയൂർ | ഒന്നും രണ്ടും അർദ്ധ വർഷം |
| 12 | ലക്ഷ്മി ജുവലറി, എഴുമറ്റൂർ | ഒന്നും രണ്ടും അർദ്ധ വർഷം |
| 13 | കെയർവെൽ ഹോമിയോപതിക് ക്ലിനിക്, തടിയൂർ | ഒന്നും രണ്ടും അർദ്ധ വർഷം |
| 14 | എച്ച്.എൽ.ബയോമെഡിക്കൽസ്, വെണ്ണിക്കുളം | ഒന്നും രണ്ടും അർദ്ധ വർഷം |

3. **കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല**

ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച കരാറുകാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി അടവാക്കാത്തവരുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

1. സനൽ പി.എസ്
2.റെന്നി കുര്യൻ
3.രമേഷ് കെ.കെ
4.സതീഷ് കുമാർ വി.
5.കെ.ജെ.ബിജു
6.സുനിൽ എം.ജി

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. കരാറുകാർ മറ്റേതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതാണ്.

4. 2024-25 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്ത സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ എണ്ണം ലൈസൻസ് അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവയിൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ പ്രകാരമുള്ള സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം |
|---|---|---|
| 1 | ലക്ഷ്മി സ്റ്റോൺ & ഗ്രാനൈറ്റ്, എഴുമറ്റൂർ | 12 |
| 2 | മെട്രോപ്ലസ് ലബോറട്ടറി, തടിയൂർ | 4 |
| 3 | റൗണ്ട് റോക്സ്, കോളഭാഗം | 5 |
| 4 | ഐ കെയർ ഒപ്റ്റിക്കൽസ്, എഴുമറ്റൂർ | 3 |
| 5 | ലക്ഷ്മി സ്റ്റോൺ ഇൻഡസ്ട്രീസ്, എഴുമറ്റൂർ | 8 |
| 6 | ഫിലിപ് സൺസ് ടെക്സ്റ്റൈൽസ്, തടിയൂർ | 5 |
| 7 | മാർവെൽ ഇൻഡസ്ട്രീസ്, എഴുമറ്റൂർ | 4 |
| 8 | അനുഗ്രഹാ ഗ്രാനൈറ്റ്, ചാലാപ്പള്ളി | 4 |
| 9 | മണലൂർ കേറ്ററിംഗ്, തടിയൂർ | 4 |
| 10 | സെൻട്രൽ മെഡിക്കൽസ്, തടിയൂർ | 3 |

**5. സ്വയം തൊഴിൽ ചെയ്യുന്നവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല**

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, മറ്റു പ്രൊഫഷണലുകൾ, ആധാരമെഴുത്തുകാർ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാണിജ്യ വാഹന ഉടമകൾ, കേബിൾ ടി വി ഓപ്പറേറ്റർമാർ, പത്ര ഏജന്റുമാർ , ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ) തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും തൊഴിൽനികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരെയും തൊഴിൽ നികുതി ഡിമാന്റിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതും ഈ ഇനത്തിലുള്ള നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

തൊഴിൽ നികുതി ഈടാക്കാത്തതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/30.07.2025) മറുപടി ലഭ്യമാക്കിയില്ല. കുടിശ്ശിക വരുത്തിയവരിൽനിന്നും തൊഴിൽ നികുതി പിഴപ്പലിശ സഹിതം ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. പഞ്ചായത്ത് രാജ് നിയമങ്ങൾ, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസസ്സ് ചെയ്യുന്നതിനും അസസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പരിഷ്കരിച്ചിട്ടില്ല

ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ മാറ്റം വരുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതും പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി നിർണ്ണയിക്കേണ്ടതുമാണെന്ന് 22.03.2023-ലെ സ.ഉ.(കൈ)77/2023/തസ്വഭവ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ, ഐ.ടി.ഐ. യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതും ഒരു കെട്ടിട നമ്പറിന് പരമാവധി 30 രൂപ ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കാവുന്നതുമാണ്. 06.06.2024-ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3.12 തീരുമാന പ്രകാരം വസ്തു നികുതി പരിഷ്കരണത്തിന് ഫീൽഡ് തല പരിശോധനയ്ക്കായി വേതനം പുതുക്കി നല്കുന്നതിന് തീരുമാനമായിട്ടുള്ളതാണ്.

കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023-നു മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും മേൽ പറഞ്ഞ ഉത്തരവിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. ഇതുപ്രകാരം മാറ്റം വരുത്തിയ

കെട്ടിടങ്ങളുടെ വിവര ശേഖരണം പൂർത്തിയാക്കി വസ്തു നികുതി സഞ്ചയയിൽ പരിഷ്കരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.7/28.07.2025) നല്കിയിരുന്നു. വസ്തുനികുതി പരിഷ്കരണം നടത്തുന്നതിലേക്ക് ഫീൽഡ് പരിശോധന, ഡേറ്റാ എൻട്രി എന്നിവയിലേക്ക് താല്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് ഉദ്യോഗാർഥികളുടെ അഭിമുഖം നടത്തിയെങ്കിലും ഒരു കെട്ടിടത്തിന് 30 രൂപ നിരക്കിൽ ജോലികൾ നിർവ്വഹിക്കുന്നതിന് തയ്യാറാകാത്തതിനാൽ വീണ്ടും അഭിമുഖം നടത്തി 3 ഉദ്യോഗാർഥികളെ തെരഞ്ഞെടുത്തു. നിലവിൽ ഒരു വാർഡിൽ ഫീൽഡ് പരിശോധന നടത്തി വിവര ശേഖരണം പൂർത്തീകരിച്ചിട്ടുള്ളതാണെന്നും ബാക്കിയുള്ള വാർഡുകളിൽ വിവര ശേഖരണം നടത്തിയിട്ടില്ലെന്നും, വിവരങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനം സഞ്ചയയിൽ നിലവിൽ ലഭ്യമായിട്ടില്ലെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഫീൽഡ് പരിശോധന പൂർത്തിയാക്കി കെട്ടിടങ്ങളുടെ ശരിയായ വിവരം ഉൾപ്പടുത്തി നികുതി നിശ്ചയിക്കുന്നതിലൂടെ നികുതി നിർണ്ണയത്തിനുശേഷമുള്ള കൂട്ടിച്ചേർക്കലുകൾ നിമിത്തം നികുതി ഇനത്തിൽ നഷ്ടമുണ്ടായത് ഒഴിവാക്കി വരുമാന വർദ്ധനവ് നേടാനാവുന്നതാണ്. തുടർ നടപടിയുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു

ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക വരുത്തിയിട്ടുള്ളതായി കാണുന്നു.

| ക്രമ നം | കെട്ടിട നം | ഉടമയുടെ പേര് | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|---|
| 1 | 5/1 | ഡിഷ്നെറ്റ് വയർലസ്സ് ലിമിറ്റഡ് എയർസെൽ, എഴുമറ്റൂർ | 2010-11 മുതൽ 2024-25 വരെ | 237792 |
| 2 | 7/1 | റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ്, ഇടയ്ക്കാട് | 2020-21 മുതൽ 2024-25 വരെ | 61461 |

ഈ വിഷയത്തിൽ ഓഡിറ്റ് എൻക്വയറി (നം.8/28.7.2025) നൽകിയതിനു മറുപടിയായി, റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 അൺ - എയ്ഡഡ് സ്കൂളിന്റെ വസ്തുനികുതി അസസ്സ് ചെയ്തെങ്കിലും ഈടാക്കിയിട്ടില്ല

2023-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്റ്റ് തീയതി 27.03.2023 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിയുടെ ഭാഗമായി ഹയർ സെക്കന്ററി തലംവരെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തു നികുതിയിൽ ഉണ്ടായിരുന്ന ഇളവ് സർക്കാർ, എയിഡഡ് സ്കൂളുകൾക്ക് മാത്രമാക്കിയിട്ടുണ്ട്. കൂടാതെ വകുപ്പ് 207 (ബിഎ) എന്ന ഭാഗം ഒഴിവാക്കിയിട്ടുണ്ട്. ഇത് പ്രകാരം സംസ്ഥാനത്തെ അൺഎയ്ഡഡ് സ്കൂളുകൾക്ക് 2023 ഏപ്രിൽ 1 മുതൽ വസ്തു നികുതി ബാധകമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 10/462 മുതൽ 465 B വരെയുള്ള നമ്പർ കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്ന അൺ എയിഡഡ് സ്കൂളായ ബഥനി അക്കാദമി, വെണ്ണിക്കുളം സ്കൂളിന്റെ വസ്തു നികുതി അസസ്സ് ചെയ്തിട്ടുണ്ടെങ്കിലും നിലവിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള ഗണത്തിലാണ് സ്കൂളും അനുബന്ധ കെട്ടിടങ്ങളും. സ്കൂളിന്റെ വസ്തുനികുതി സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം അസസ്സ് ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം (ച.മീ) | സഞ്ചയ പ്രകാരമുള്ള വസ്തു നികുതി (രൂപ) |
|---|---|---|---|
| 1 | 10/462 | 473 | 3706 |
| 2 | 10/463 | 573 | 4040 |
| 3 | 10/464 | 573 | 4040 |
| 4 | 10/465 | 375 | 2937 |
| 5 | 10/465/A | 185 | 1596 |
| 6 | 10/465/B | 165 | 1424 |

വസ്തു നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/28.07.2025), മേൽ കെട്ടിടങ്ങളുടെ ഒരു ഭാഗം തെള്ളിയൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 26 ൽ റീസർവ്വേ നം. 11/6 ൽപ്പെട്ട 50 ആർ 60 സ്ക്വയർ മീറ്റർ നിലത്തിൽ സ്ഥിതി ചെയ്യുന്നതാണെന്നും, ടി പുരയിടം ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ആയത് പരിശോധിച്ച് വസ്തു ഈടാക്കുന്നതിന് വേണ്ട തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-15 ലൈസൻസ് ഫീസ് പിരിവ്- അപാകങ്ങൾ

കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2024-25 വർഷത്തെ ലൈസൻസ് ഫീസ് പിരിവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**1. ലൈസൻസ് ഫീസ് പിരിവിൽ ഗണ്യമായ കുറവ്**

2022-23 മുതൽ 2024-25 വരെയുള്ള വാർഷിക ധനകാര്യ പത്രിക, ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്ന് ലൈസൻസ് ഫീസ് വരവിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് 2024-25 സാമ്പത്തിക വർഷം ഗണ്യമായ കുറവ് വന്നിട്ടുള്ളതായി ബോധ്യപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ലൈസൻസ് ഫീസ് പിരിവ് (₹) |
|---|---|
| 2022-23 | 194100 |
| 2023-24 | 240350 |
| 2024-25 | 191800 |

ഗ്രാമപഞ്ചായത്തിലെ വാണിജ്യ കെട്ടിടങ്ങളുടെ എണ്ണം സഞ്ചയ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ 985 കെട്ടിടങ്ങൾ ഉണ്ടെന്നു വ്യക്തമായി (ഒന്നിലധികം കെട്ടിട നമ്പറിൽ ഒരു വാണിജ്യ സ്ഥാപനം പ്രവർത്തിയ്ക്കുന്നതിനുള്ള സാധ്യതയുണ്ട്). ലൈസൻസ് രജിസ്റ്റർ പ്രകാരം തൻവർഷത്തിൽ 270 സ്ഥാപനങ്ങൾക്കാണ് പഞ്ചായത്തിൽ നിന്നും ലൈസൻസ് ലഭ്യമാക്കിയിട്ടുള്ളത്. ലൈസൻസ് അനുവദിച്ചവയുടെയും സഞ്ചയ സോഫ്റ്റ്‌വെയറിലെ വാണിജ്യ/വ്യാപാര /വ്യവസായ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെയും കണക്കുകൾ തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. 2023-24 വർഷം ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 319 വ്യാപാര/വാണിജ്യ സ്ഥാപനങ്ങളുള്ളതിൽ 283 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചു. എന്നാൽ 2024-25 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിൽ വ്യാപാര സ്ഥാപനങ്ങളുടെ വാർഡു തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിച്ചിട്ടില്ല.

**2. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു**

ലൈസൻസ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ യഥാസമയം കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതിനും സാധിക്കുന്നില്ല.

ഇത്തരത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് മൂലം ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ വരുമാനത്തിൽ നല്ലൊരു തുക കുറവ് വന്നിട്ടുണ്ട്.
ഓഡിറ്റ് വർഷം ലൈസൻസ് എടുത്തിട്ടില്ലാത്ത സ്ഥാപനങ്ങളുടെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | ശ്രീചക്രം ഫിനാൻസ്, വെണ്ണിക്കുളം |
| 2 | അക്ഷയ കേന്ദ്രങ്ങൾ (2) |
| 3 | ബി കെയർ സെറാമിക്സ്, ഇടയ്ക്കാട് |
| 4 | റ്റോഡി ഷാപ്പ് ടി.എസ് നം.8 , എഴുമറ്റൂർ |
| 5 | റ്റോഡി ഷാപ്പ് ടി.എസ് നം.13, തെള്ളിയൂർ |
| 6 | എം.സി.ജ്വവലേഴ്സ് , വെണ്ണിക്കുളം |
| 7 | പള്ളിപ്പറമ്പിൽ മെഡിക്കൽസ്,വെണ്ണിക്കുളം |
| 8 | ഫെതർ ടച്ച് ഹെർബൽ ബ്യൂട്ടി പാർലർ, വെണ്ണിക്കുളം |
| 9 | ജെനീസിസ് മെഡിട്രസ്റ്റ് ക്ലിനിക്, ഇടയ്ക്കാട് |
| 10 | ഫ്രണ്ട്സ് അലൂമിനിയം ഫാബ്രിക്കേഷൻ, വെണ്ണിക്കുളം |
| 11 | കൊറ്റൻകുടി ക്ഷീരോല്പാദക സംഘം |
| 12 | ചാലാപ്പള്ളി ക്ഷീരോല്പാദക സംഘം |
| 13 | മേമല ക്ഷീരോല്പാദക സംഘം |
| 14 | റേഷൻ കടകൾ (11) |

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.2019) വ്യക്തമാക്കിയിട്ടുണ്ട്.

**3. മൂലധന നിക്ഷേപം പരിഗണിക്കാതെ ലൈസൻസ് ഫീസ് നിശ്ചയിച്ചു.**

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി പ്രകാരം സംരംഭങ്ങളെ അവയുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. മൂലധന നിക്ഷേപത്തിന്റെ വിവരം ലൈസൻസിനുള്ള അപേക്ഷയിൽ സംരംഭകർ വ്യക്തമാക്കേണ്ടതും ഇതിനനുസൃതമായി പഞ്ചായത്ത് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടതുമാണ്.
2024-25 സാമ്പത്തിക വർഷത്തേക്ക് ലൈസൻസ് ലഭിക്കുന്നതിനായി പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ള മിക്ക അപേക്ഷകളിലും മൂലധന നിക്ഷേപത്തിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ എപ്രകാരമാണ് ലൈസൻസ് ഫീ ഈടാക്കിയതെന്നു വ്യക്തമല്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | പനച്ചക്കൽ ട്രേഡേഴ്സ്, ചുഴന |
| 2 | മലമ്പുറത്ത് ട്രേഡിംഗ്, വാളക്കുഴി |
| 3 | കോയിക്കൽ ഗ്ലാസ്സ് & പ്ലൈവുഡ്സ്, ഇടയ്ക്കാട് |
| 4 | കാർ കെയർ സർവ്വീസ് സെന്റർ, ഇടയ്ക്കാട് |
| 5 | അയ്യർകോവിൽ ഏജൻസീസ് &സിമന്റ്സ് , വാളക്കുഴി |
| 6 | ഓ മൈ പെറ്റ്സ് അക്വേറിയം , വെണ്ണിക്കുളം |
| 7 | മരുതൂർ ട്രേഡേഴ്സ്, എഴുമറ്റൂർ |
| 8 | മിസ്സാർമല ഏജൻസീസ് എഴുമറ്റൂർ |
| 9 | ഏറാട്ട് ഹാർഡ് വെയേഴ്സ്, ഇടയ്ക്കാട് |

മേൽ അപാകതകൾക്ക് വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.32/02.08.25) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരികയും, ലൈസൻസ് എടുക്കാതെ

പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ലൈസൻസ് പരിധിയിൽനിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ തദ്ദേശഭരണ സ്ഥാപനത്തിലെ മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ (സ.ഉ.(കൈ)നം.84/2022/തസ്വഭവ തീയതി: 19.04.2022) വിഭവ സമാഹരണം സംബന്ധിച്ച അദ്ധ്യായത്തിൽ (ഖ.5.1(5)) നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള സാധ്യതകളും പരിശോധിക്കാവുന്നതാണ്.

## 1-16 ധാതുഗതാഗത പെർമിറ്റ്- കെട്ടിട നിർമ്മാണം-തുടർനടപടികൾ അനിവാര്യം

2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14-ലെ ഉപചട്ടം(6) പ്രകാരം ബിൽഡിംഗ് പെർമിറ്റ് ഉടമ മിനറൽ ട്രാൻസിറ്റ് പാസ്സുകൾ ലഭിച്ച തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണമെങ്കിലും പൂർത്തിയാക്കണം. പ്രസ്തുത വിവരം പെർമിറ്റ് നൽകിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. ഈ വ്യവസ്ഥ പാലിച്ചില്ലെങ്കിൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14-ലെ ഉപചട്ടം(7) പ്രകാരം പെർമിറ്റ് ലഭിക്കുന്നതിന് അടച്ച റോയൽറ്റിക്ക് പുറമെ റോയൽറ്റിയുടെ അഞ്ച് മടങ്ങ് പിഴ അടക്കാൻ ധാതുഗതാഗത പെർമിറ്റിന്റെ ഉടമ ബാധ്യസ്ഥൻ ആയിരിക്കും. ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് കെട്ടിട നിർമ്മാണ സ്ഥലത്ത് നിന്ന് സാധാരണ മണ്ണ് കൊണ്ടുപോകുന്നതിനായി ഗ്രാമപഞ്ചായത്തിൽ നിന്നും ധാതുഗതാഗത പെർമിറ്റ് അനുവദിച്ച് നൽകിയെങ്കിലും ഒരു വർഷത്തിന് ശേഷവും കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് / വിലാസം | ധാതുഗതാഗത പെർമിറ്റ് നമ്പർ/തീയതി | പെർമിറ്റിന്റെ കാലാവധി | ഖനനം ചെയ്യേണ്ട മണ്ണിന്റെ അളവ് |
|---|---|---|---|---|
| 1 | എം.ജി.വാസുദേവൻ &ശോഭ വാസുദേവൻ<br>കാലായിൽ മതുക്കൽ<br>ചാലാപ്പള്ളി പി.ഒ | SC3-4449/2023/ 14.11.2023 | 16.11.2023 മുതൽ 21.11.2023 വരെ | 264.22 ടൺ |
| 2 | ശശികുമാർ വി.കെ<br>വിലങ്ങുംപാറ<br>തെക്കേചരുവിൽ,വെള്ളയിൽ പി.ഒ | SC3-239/2024/ 12.02.2024 | 16.02.2024 മുതൽ 21.02.2024 വരെ | 340.1 ടൺ |
| 3 | ലിസി എബ്രഹാം<br>മാന്താനത്ത്<br>വാളക്കുഴി പി.ഒ. | SC3-510/2024/ 23.02.2024 | 26.02.2024 മുതൽ 06.03.2024 വരെ | 1673 ടൺ |
| 4 | ചെല്ലപ്പൻ & മണി<br>പൊട്ടാനിക്കൽ<br>വാളക്കുഴി പി.ഒ | SC3-687/2024/ 01.03.2024 | 11.03.2024 മുതൽ 16.03.2024 വരെ | 771.64 ടൺ |

മേൽ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (15/29.07.2025) നൽകിയതിന് ഇപ്രകാരം മറുപടി ലഭ്യമാക്കി.

ക്രമ നം.1 പ്രകാരമുള്ള ഗുണഭോക്താവ് ക്യാൻസർ രോഗി ആയതിനാൽ ചികിത്സാ ചെലവ് ഉള്ളതുകൊണ്ട് കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്നും, ക്രമ നം. 2,3,4 ഗുണഭോക്താക്കൾ കെട്ടിടനിർമ്മാണം പൂർത്തിയാക്കിയതിന്റെ വിവരം നാളിതു വരെ ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ലെന്നും സെക്രട്ടറി അറിയിച്ചു. ഗ്രാമപഞ്ചായത്തിൽ നിന്നും മുൻവർഷം പെർമിറ്റ് അനുവദിച്ച് നൽകിയ ഈുപ്പൻ

ചെറിയാൻ, വാളക്കുഴിയിൽ പുത്തൻ പുരയ്ക്കൽ, തെള്ളിയൂർ എന്ന ഗുണഭോക്താവ് അനുവദിച്ച മണ്ണിൽ കൂടുതൽ അളവിൽ മണ്ണ് സൈറ്റിൽ നിന്നും എടുത്തു മാറ്റിയതായി പരാതി ലഭിച്ചതിനെത്തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയർ സൈറ്റ് പരിശോധിക്കുകയും അപേക്ഷകന് നിയമാനുസൃത നോട്ടീസുകൾ നൽകുകയും ചെയ്തിരുന്നു. കൂടാതെ ധാതുഗതാഗത പെർമിറ്റിൻമേൽ മിനറൽ ട്രാൻസിറ്റ് പാസ്സുകൾ അനുവദിച്ചിരുന്ന തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ അടിത്തറ നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ റെവന്യൂ റിക്കവറി നടപടികളും സ്വീകരിച്ചിരുന്നു. എന്നാൽ റോയൽറ്റി തുകയുടെ പിഴ ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ടിയാൾ ബഹു.കേരള ഹൈക്കോടതി മുമ്പാകെ WP(C) No.38564 Of 2024 നം പ്രകാരം കേസ് സമർപ്പിച്ചു. റോയൽറ്റി തുകയുടെ അഞ്ച് മടങ്ങ് പിഴ ഈടാക്കേണ്ടത് ജിയോളജി വകുപ്പോണോ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണോ എന്നത് സംബന്ധിച്ച് വ്യക്തമായ കോടതി വിധി ലഭിച്ചിട്ടില്ലെന്നും, ബഹു.ഹൈക്കോടതിയുടെ അന്തിമ വിധിക്കനുസരിച്ച് കെട്ടിട നിർമ്മാണം പൂർത്തീകരിക്കാത്ത അപേക്ഷകളിൻമേൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു

1999-ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഒരു പഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ ഏതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ, അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ 2024-25 സാമ്പത്തിക വർഷം കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം രജിസ്ട്രേഷൻ എടുത്തിട്ടുള്ളതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | എഡ്യൂഗൈഡ് ട്യൂഷൻ സെന്റർ, ഇടയ്ക്കാട് |
| 2 | ഫോക്കസ് ട്യൂഷൻ സെന്റർ, വെണ്ണിക്കുളം |
| 3 | സ്പെഷ്യൽ കെയർ ട്യൂഷൻ സെന്റർ, വെണ്ണിക്കുളം |

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 267-ാം വകുപ്പ് പ്രകാരം, രജിസ്റ്റർ ചെയ്യാതെ ഒരു ട്യൂട്ടോറിയൽ സ്ഥാപനം സ്ഥാപിക്കുകയോ പരിപാലിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ 1000 രൂപ വരെയുള്ള പിഴ ശിക്ഷയും, കുറ്റം തുടരുന്ന ഓരോ ദിവസത്തിനും നൂറു രൂപവരെയാകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമപ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സെക്രട്ടറിയും ഭരണസമിതിയും സ്വീകരിക്കേണ്ടതാണ്.

## 1-18 വാണിജ്യ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു

കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011, ചട്ടം 3(4) പ്രകാരം, ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ മാത്രം അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടഭാഗത്തിനും വസ്തു നികുതി ചുമത്തേണ്ടതുമാണ്. എന്നാൽ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. നു മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ ഭാഗങ്ങളായി തിരിച്ച് 100 ച.മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ളതാക്കി വസ്തു നികുതി നിർണയിച്ചതുമൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വാണിജ്യ കെട്ടിടത്തിന്റെ ഭാഗങ്ങൾക്ക് പല നമ്പറുകൾ അനുവദിക്കേണ്ടി വരുന്ന സാഹചര്യത്തിൽ ഓരോ കെട്ടിടഭാഗത്തിനും മുഴുവൻ കെട്ടിടത്തിനും ബാധകമായ നികുതി നിരക്കാണ് സഞ്ചയയിൽ നിർണ്ണയിക്കേണ്ടത്. ആയതിന് പകരം കെട്ടിടഭാഗത്തിന്റെ വിസ്തീർണ്ണത്തിനനുസരിച്ചുള്ള നിരക്കുകളാണ് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അടിസ്ഥാന വസ്തുനികുതി - വാണിജ്യാവശ്യത്തിനുള്ളവ

100 ച.മീ. വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ - 50

100 ച.മീ. ന മുകളിൽ 500 ച.മീ. വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ- 60

| ക്രമ നം | ഉടമസ്ഥന്റെ പേര്/ വിലാസം | വാർഡ് നം./കെട്ടിട നം. | ആകെ തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന് ഈടാക്കിയ അടിസ്ഥാന നികുതി നിരക്ക് | കെട്ടിടത്തിന് ഈടാക്കേണ്ട അടിസ്ഥാന നികുതി നിരക്ക് |
|---|---|---|---|---|---|
| 1 | എം.വി.ചാക്കോ മലമ്പുറത്ത് | 12/ 225 ,226, 227,228, 229,230,231& 232 | 242.3 | 50 | 60 |
| 2 | റോക്കി എസ്.മാത്യു കുന്നംപുറത്ത് , വാളക്കുഴി | 12/ 188 മുതൽ 210 വരെ | 365.26 | 50 | 60 |
| 3 | എം.കെ.സുരേഷ് &കെ.ബിന്ദു മാളിയേക്കൽ, എഴുമറ്റൂർ | 4/ 13,14,15,16&17 | 131.6 | 50 | 60 |
| 4 | വർഗ്ഗീസ് തോമസ് & ജോയിസ് വർഗ്ഗീസ് പഴൂർ, വാളക്കുഴി | 12/ 219,A,B,C | 226 | 50 | 60 |
| 5 | മാത്യു ഫിലിപ്പ് പുള്ളോലിൽ, തടിയൂർ | 12/ 18,19,20,21& 22 | 142.94 | 50 | 60 |

വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (35/02.08.25) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടങ്ങളുടെ നികുതി നിർണയിച്ചതിലെ അപാകതകൾ പരിഹരിച്ച് നികുതി പുനർനിർണ്ണയിക്കേണ്ടതും നടപ്പ് സാമ്പത്തിക വർഷത്തെ നികുതിയോടൊപ്പം കുടിശ്ശിക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-19 വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ പ്രധാന നികുതി വരുമാനമായ വസ്തുനികുതിയിനത്തിൽ 2024-25 സാമ്പത്തിക വർഷം വാർഷിക ധനകാര്യപത്രിക പ്രകാരം 731598 രൂപ ഈടാക്കാൻ അവശേഷിക്കുന്നു. തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വസ്തു നികുതി (പാർപ്പിടം) തൻ വർഷം | 259626 |
| വസ്തു നികുതി (പാർപ്പിടം) കുടിശ്ശിക | 77502 |
| വസ്തു നികുതി (പാർപ്പിടേതരം) തൻ വർഷം | 175165 |

| | |
|---|---|
| വസ്തു നികുതി (പാർപ്പിടേതരം) കുടിശ്ശിക | 219305 |
| ആകെ | 731598 |

കുടിശ്ശിക തുക ഈടാക്കുവാൻ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.19/30.07.2025), വസ്തു നികുതി പൂർണമായും പിരിച്ചെടുക്കുന്നതിനായി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും കുടിശ്ശിക തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ തൻ വർഷത്തെ വസ്തു നികുതി പിരിവ് 83.96 ശതമാനമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റവന്യൂ വിഭവങ്ങൾ യഥാവിധി പിരിച്ചെടുക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുന്ന വിഷയം ആറാം സംസ്ഥാന ധനകാര്യകമ്മീഷൻ പ്രത്യേകമായി പരിഗണിച്ചിരുന്നു. ഇതിന് ഒരു പരിഹാരമെന്ന നിലയിൽ ആകെ റവന്യൂ ഡിമാന്റ് തുകയുടെ 90 ശതമാനമെങ്കിലും പിരിച്ചെടുക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്, വികസനഫണ്ടിന്റെ (പൊതു വിഭാഗം) ഒരു ശതമാനം പിഴയായി ഈടാക്കണമെന്ന് തങ്ങളുടെ രണ്ടാമത്തെ റിപ്പോർട്ടിലെ 8-ാ നമ്പർ ശുപാർശയായി കമ്മീഷൻ സർക്കാർ മുൻപാകെ സമർപ്പിക്കുകയുണ്ടായി. ഈ ശുപാർശ അംഗീകരിച്ച് സർക്കാർ ധനകാര്യവകുപ്പിന്റെ 18.10.2022-ലെ സ.ഉ(കൈ) 179/2022 നമ്പർ ഉത്തരവിലൂടെ പിഴ ഈടാക്കൽ നടപടിയ്ക്ക് 2022-23 സാമ്പത്തികവർഷം മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. റവന്യൂ പിരിവിൽ വീഴ്ച വരുത്തുന്നത് ഇപ്രകാരം ഫണ്ട് നഷ്ടപ്പെടുന്നതിന് ഇടയാക്കുമെന്നതിനാൽ ഈ സാഹചര്യം ഒഴിവാക്കുന്നതിനും റവന്യൂപിരിവ് കാര്യക്ഷമമാക്കുന്നതിനും അധികൃതരുടെ അടിയന്തരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-20 തനത് വരുമാനം ഒന്നിലധികം ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിരിക്കുന്നു

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി, തനത് വരുമാനം നിക്ഷേപിക്കുന്നതിന് പഞ്ചായത്ത് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നു. സർക്കുലർ നം.58725/എഫ്.എം 3/2008/ത.സ്വ.ഭ.വ. 26.05.2011-ൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തനത് വരുമാനം ട്രഷറി അക്കൗണ്ടിനു പുറമേ ഒരു ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലോ സഹകരണ ബാങ്ക് അക്കൗണ്ടിലോ മാത്രം നിക്ഷേപിക്കണമെന്നും ഈ ആവശ്യത്തിന് ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നില നിർത്തരുതെന്നും നിഷ്കർഷിക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിലെ തനത് വരുമാനം ട്രഷറി അക്കൗണ്ടിനു പുറമേ ആറ് ബാങ്ക് അക്കൗണ്ടുകളിലായാണ് നിക്ഷേപിച്ചിരിക്കുന്നത്. മുൻവർഷത്തെ റിപ്പോർട്ടിലും ടി വിഷയം പരാമർശിച്ചിരുന്നെങ്കിലും തനത് വരുമാനം നിക്ഷേപിക്കുന്നതിനായി 08.04.2025 തീയതിയിൽ ഗ്രാമപഞ്ചായത്ത് പുതിയതായി ഒരു അക്കൗണ്ടു കൂടി ആരംഭിച്ചിട്ടുണ്ട് (ഫെഡറൽ ബാങ്ക് A/C No. 10680100086765). നിലവിലുള്ള അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നം. | ബാങ്ക് |
|---|---|---|
| 1 | 0373053000010658 | സൗത്ത് ഇന്ത്യൻ ബാങ്ക്, വെണ്ണിക്കുളം |
| 2 | 36886033688 | സൗത്ത് ഇന്ത്യൻ ബാങ്ക്, വെണ്ണിക്കുളം (ഇ-പെയ്മെന്റ്) |
| 3 | 67291319425 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, തെള്ളിയൂർ |
| 4 | 405210105000001 | കേരള ബാങ്ക്, തടിയൂർ |
| 5 | 10680200026992 | ഫെഡറൽ ബാങ്ക്, വാളക്കുഴി |
| 6 | 10680100086765 | ഫെഡറൽ ബാങ്ക്, വാളക്കുഴി |
| 7 | 799013000000841 | ട്രഷറി |

ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.38/02.08.25) സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവിലെ നിർദേശം പാലിച്ചു തനത് ഫണ്ട് നിക്ഷേപിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 ക്വാറിയുടെ കോർപ്പറേറ്റ് എൻവിറോൺമെന്റ് റെസ്പോൺസിബിലിറ്റി (സി.ഇ.ആർ) പ്രവർത്തനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കണം

കേന്ദ്ര പരിസ്ഥിതി, വനം കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ നോട്ടിഫിക്കേഷൻ നം:OM :F.No.22-65/2017-1A.lii Dated 1.05.2018, OM: F.No.22-65/2017-1A.lii Dated 30.09.2020 എന്നീ വിജ്ഞാപനങ്ങളുടെ അടിസ്ഥാനത്തിൽ ക്വാറികൾ കോർപ്പറേറ്റ് എൻവിറോൺമെന്റ് റെസ്പോൺസിബിലിറ്റി

(CER) പ്രവർത്തനങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ കുറിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ വിജ്ഞാപനത്തിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. | ക്വാറിയുടെ സി.ഇ.ആർ പ്രവർത്തനങ്ങൾ സ്ഥാപനം സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ നടത്തേണ്ടതാണ്. |
| 2. | ക്വാറിയുടെ പ്രവർത്തനം മൂലം ചുറ്റുമുള്ള പ്രദേശങ്ങളിലെ ജനങ്ങൾക്കും പരിസ്ഥിതിയ്ക്കും ഉണ്ടാകുന്ന പാരിസ്ഥി തികവും സാമൂഹികവുമായ ആഘാതങ്ങളുടെയും ആവശ്യങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കണം സി.ഇ.ആർ പ്രവർത്തനങ്ങൾ നടത്തേണ്ടത്. |
| 3. | സി.ഇ.ആർ പ്രവർത്തനങ്ങൾക്കായി ഒരു പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതും ഓരോ വർഷവും നടപ്പിലാക്കിയ പ്രവർത്തികളുടെ റിപ്പോർട്ട് പരിസ്ഥിതി, വന കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ റീജിയണൽ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്. |

SEAC അംഗീകരിച്ച ഏതാനും സി.ഇ.ആർ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. | നദികളുടെ പുനരുജ്ജീവനം |
| 2. | കിണർ റീചാർജിംഗ് |
| 3. | മഴവെള്ള സംഭരണി |
| 4. | പുനരുൽപ്പാദന ഊർജ്ജസ്രോതസ്സുകളുടെ പ്രോത്സാഹനം |
| 5. | പരിസ്ഥിതി വ്യവസ്ഥകളുടെ പുനഃസ്ഥാപനം |
| 6. | കുടിവെള്ള വിതരണത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ |
| 7. | ആശുപത്രികൾ, അങ്കണവാടികൾ, ബഡ്സ് സ്കൂളുകൾ, ഭിന്നശേഷിക്കാർക്കുള്ള സ്ഥാപനങ്ങൾ എന്നിവയുടെ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ |

ഗ്രാമപഞ്ചായത്തിൽ നിന്ന് 2024-25 സാമ്പത്തിക വർഷത്തിൽ ചുവടെ ചേർക്കുന്ന 4 ക്വാറികൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്.

1. ടി.എം.കൺസ്ട്രക്ഷൻസ്, എഴുമറ്റൂർ
2. ലക്ഷ്മി സ്റ്റോൺ ഇൻഡസ്ട്രീസ്, എഴുമറ്റൂർ
3. അനുഗ്രഹ ഗ്രാനൈറ്റ്സ്, ചാലാപ്പള്ളി
4. കാച്ചാണത്ത് മിനറൽസ് & മെറ്റൽസ്, മേത്താനം, എഴുമറ്റൂർ

മേൽ പറഞ്ഞിട്ടുള്ള ക്വാറികൾ പഞ്ചായത്ത് പരിധിയിൽ നടപ്പാക്കിയ സി.ഇ.ആർ പ്രവർത്തനങ്ങളുടെ വിശദാംശം ആരാഞ്ഞ് നൽകിയ എൻക്വയറിയ്ക്ക് (നം.10/29.07.25) മറുപടിയായി ടി. എം കൺസ്ട്രക്ഷൻസ്, എഴുമറ്റൂർ എന്ന ക്വാറി 5 ലക്ഷം രൂപ 29.03.2025 തീയതിയിൽ സി.ഇ.ആർ. പ്രവർത്തനങ്ങൾക്ക് വേണ്ടി ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ടെന്നും, പ്രസ്തുത തുക ഉപയോഗിച്ച് വികസന ക്ഷേമപ്രവർത്തന പദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ടെന്നും സെക്രട്ടറി അറിയിച്ചു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന മറ്റ് ക്വാറികളും സി.ഇ.ആർ. പ്രകാരമുള്ള പ്രവർത്തനങ്ങൾക്കായി തുക ഒടുക്കുന്നതിനും, വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-22 മരണപ്പെട്ട ഗുണഭോക്താക്കളുടെ ക്ഷേമപെൻഷൻ സ്റ്റാറ്റസ് യഥാസമയം സസ്പെന്റ് ചെയ്യില്ല

പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തതും ക്ഷേമപെൻഷൻ ലഭിച്ചിരുന്നതുമായ ഗുണഭോക്താക്കളുടെ പെൻഷൻ സ്റ്റാററസ് 'സേവന സോഫ്റ്റ്‌വെയറിൽ' സസ്പന്റ് ചെയ്യാത്തതിനാൽ അവരുടെ പേരിൽ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ ലിമിറ്റഡിൽ നിന്നും പെൻഷൻ അനുവദിക്കുകയും, തുക ബാങ്കിന് കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുക ബന്ധപ്പെട്ട ഗുണഭോക്താവിന് കൈമാറാൻ സാധിക്കാതെ/ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിൽ ക്രെഡിറ്റ് ആകാതെ തിരികെ ട്രാൻസ്ഫർ ചെയ്യുന്നതായും കാണുന്നു. ഉദാഹരണങ്ങൾ ചുവടെ

ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐഡി | പെൻഷൻ ഇനം | പെൻഷൻ സ്റ്റാറ്റസ് | മരണപ്പെട്ട തീയതി | ഡി.ബി.റ്റി സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | അന്നമ്മ റ്റി എം താഴത്തുംമടയിൽ എഴുമറ്റൂർ | 103880202671 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 16.5.2025 | തുക സഹകരണ ബാങ്കിന് കൈമാറി |
| 2 | റ്റി.സി കുട്ടപ്പൻ വട്ടാറിയിൽ എഴുമറ്റൂർ | 103880100183 | കർഷക തൊഴിലാളി പെൻഷൻ | ആക്ടീവ് | 31.05.2025 | തുക സഹകരണബാങ്കിന് കൈമാറി |
| 3 | സരോജിനിയമ്മ കുന്നേൽ പതാലിൽ എഴുമറ്റൂർ | 103880600080 | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | ആക്ടീവ് | മരണപ്പെട്ടതായി ബാങ്ക് റിപ്പോർട്ട് | തുക സഹകരണബാങ്കിന് കൈമാറി |
| 4 | രാഘവൻ പി.എ തേക്കുംപ്ലാക്കൽ, എഴുമറ്റൂർ | 103880200287 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | മരണപ്പെട്ടതായി ബാങ്ക് റിപ്പോർട്ട് | തുക സഹകരണബാങ്കിന് കൈമാറി |
| 5 | മത്തായി തോമസ് മുളപാല, നാരകത്താനി | 103880201865 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 24.04.2025 | തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ ബാങ്കിന് കൈമാറി |
| 6 | ലളിതമ്മ എ ജി അരുവിക്കാട്ട്, തെള്ളിയൂർ | 103880202235 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 24.02.2025 | തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ ബാങ്കിന് കൈമാറി |
| 7 | അന്നമ്മ മാത്യു കണ്ണോലിൽ കറുത്തമാങ്കൽ, നാരകത്താനി | 103880201307 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 18.04.2025 | തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ ബാങ്കിന് കൈമാറി |

മുകളിൽ കൊടുത്തിട്ടുള്ള ഗുണഭോക്താക്കൾ മരണപ്പെട്ടതിനെ തുടർന്ന് അക്കൗണ്ട് ക്ലോസ് ചെയ്തതിനാൽ അനുവദിച്ച പെൻഷൻ തുക ക്രഡിറ്റ് ആകാതെ തിരികെ സോഷ്യൽ സെക്യൂരിറ്റി മിഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് തന്നെ മടങ്ങുകയാണ്. എന്നാൽ ഈയിനത്തിൽ അധിക കമ്മീഷൻ ബാങ്കുകൾക്ക് നൽകേണ്ടി വരുന്നു. മരണപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാതിരുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (37/02.08.25) നൽകിയിരുന്നു. ഏപ്രിൽ മാസത്തെ പെൻഷൻ വിതരണത്തിനു ശേഷം സേവന പെൻഷൻ സൈറ്റിൽ മരണപ്പെട്ടവരെ രേഖപ്പെടുത്തുന്നതിൽ വന്ന കാലതാമസം മൂലവും , കൂടാതെ പെൻഷൻ ബിൽ ജനറേഷൻ പ്രവർത്തനങ്ങൾക്കായി സേവനാ പെൻഷൻ സൈറ്റ് ക്ലോസ് ചെയ്തത് കാരണവുമാണ് ടി ആളുകളെ യഥാസമയം സസ്പെൻഡ് ചെയ്യാൻ കഴിയാതിരുന്നതെന്നും, സഹകരണ ബാങ്ക് മുഖേന പെൻഷൻ കൈപ്പറ്റിയിരുന്ന മേൽ ഗുണഭോക്താക്കൾ മരണപ്പെട്ടിട്ടുള്ളതായി ബോധ്യപ്പെട്ടതിനാൽ ഈ ആളുകളെ സേവന പെൻഷൻ സൈറ്റിൽ നിന്നും സസ്പെൻഡ് ചെയ്ത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ

മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റ് ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്നും പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണെന്ന് 23.09.2020-ലെ സ.ഉ.(എം.എസ്.) നം.97/2020/ധന നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ഇത്തരത്തിലുള്ള ഗുണഭോക്താക്കളുടെ ക്ഷേമ പെൻഷൻ സ്റ്റാറ്റസ് അടിയന്തിരമായി സസ്പന്റ് ചെയ്യേണ്ടതാണ്. അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-23 രജിസ്റ്റർ പ്രിന്റ് ചെയ്ത് ലഭിക്കുന്നതിനു മുൻപേ തന്നെ ചെലവു നടത്തി

| | |
|---|---|
| പ്രോജക്റ്റ് നം | 192/25 |
| പേര് | ആരോഗ്യ ഗ്രാന്റ് 2022-23 ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ |
| അടങ്കൽ | ₹110000 |
| പ്രോജക്റ്റ് ചെലവ് | ₹110000 |
| വൗച്ചർ നം / തീയതി | 532 / 19.02.2025 |

പ്രോജക്റ്റ് നം192/25- ആരോഗ്യ ഗ്രാന്റ് 2022-23 ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ എന്ന പദ്ധതിയിൽ എഴുമറ്റൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേയ്ക്ക് ആന്റിനേറ്റൽ ക്ളിനിക്ക് രജിസ്റ്റർ, യു.ഐ.പി. രജിസ്റ്റർ എന്നിവ 5 എണ്ണം വീതം പ്രിന്റ് ചെയ്ത് ലഭിക്കുന്നതിനായി 18000 രൂപ നെല്ലിമല ഓഫ് സെറ്റ് പ്രിന്റേഴ്സിന് നൽകിയിട്ടുണ്ട്. 29.07.2025ൽ നേരിട്ട് നടത്തിയ പരിശോധനയിൽ സ്റ്റോക്ക് രജിസ്റ്ററിൽ ടി. രജിസ്റ്ററുകളുടെ പേരുകൾ മാത്രമാണ് ചേർത്തിട്ടുണ്ടെങ്കിലും എണ്ണം ഉൾപ്പെടുത്തിയിരുന്നില്ല. നേരിട്ടുള്ള അന്വേഷണത്തിൽ രജിസ്റ്ററുകൾ പ്രിന്റ് ചെയ്തുവരുന്നതേയുള്ളൂ എന്ന മറുപടിയാണ് ലഭിച്ചത്. രജിസ്ററുകൾ ലഭ്യമാകുന്നതിന് മുൻപ് തന്നെ മുൻകൂറായി തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് 01.08.2025 ൽ നൽകിയ 29-ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. രജിസ്റ്ററുകൾ ലഭ്യമാക്കി സ്റ്റോക്കിൽ ഉൾപ്പെടുത്തി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-24 ഇൻവർട്ടർ സ്ഥാപിച്ചിട്ടില്ല കെട്ടിടം പണി പൂർത്തീകരിക്കുന്നതിനു മുൻപ് ഇൻവെർട്ടർ വാങ്ങി-പ്രോജക്റ്റ് ലക്ഷ്യപ്രാപിതിയിലെത്തിയില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 191/25 |
| പേര് | ആരോഗ്യ ഗ്രാന്റ് 2022-23 രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| അടങ്കൽ | 291000 |
| പ്രോജക്റ്റ് ചെലവ് | 291000 |
| ഇൻവർട്ടറിന് ചെലവഴിച്ച തുക | 89000 |
| വൗച്ചർ നം / തീയതി | 559 / 05.03.2025 |
| നിർവ്വഹണോദ്യോഗസ്ഥർ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |

രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (പ്രോജക്റ്റ് നം191/25) പദ്ധതിപ്രകാരം എഴുമറ്റൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് വാങ്ങിയ ഇൻവെർട്ടർ സ്ഥാപിക്കാതെ കവറിനുള്ളിൽ തന്നെ സൂക്ഷിച്ചിരിക്കുന്നതായി 29.07.2025 ൽ നടന്ന പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ആയത് സ്ഥാപിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാൻ എൻക്വയറി നൽകി(29/01.08.2025)യതിന് മറുപടിയായി ഇപ്പോൾ ആശുപത്രി പ്രവർത്തിക്കുന്നത് താൽക്കാലിക കെട്ടിടത്തിലാണെന്നും, പുതിയ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം 2025 ഡിസംബർ മാസത്തിലേക്ക് പൂർത്തിയാകുമെന്നും പുതിയ കെട്ടിടത്തിലേക്ക്

ആശുപത്രി മാറ്റുമ്പോൾ ഇൻവർട്ടർ സ്ഥാപിക്കുമെന്നും വ്യക്തമാക്കുകയുണ്ടായി. നിലവിലെ കെട്ടിടത്തിൽ 3 ഫേസ് കണക്ഷൻ ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി.യെ സമീപിച്ചിട്ടും കണക്ഷൻ ലഭിച്ചിട്ടില്ലാത്തതും പല ദിവസങ്ങളിലും പവർ കട്ട് ആകുന്ന സാഹചര്യം നിലനിൽക്കുന്നതായും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഇൻവെർട്ടർ സ്ഥാപിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു

തെള്ളിയൂർ കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ 2024-25-ൽ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിൽ മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് തുക മുൻകൂറായി നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭിച്ചതിന്റെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24/31 /07.2025) നിലവിലും മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നതായി അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര്, നം | മെഡിസിൻ പർച്ചേയ്സിനായി ചെലവഴിച്ച തുക | ബിൽ നം/തീയതി | ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്നുകൾ(രൂപയിൽ) |
|---|---|---|---|---|
| 1 | പാലിയേറ്റീവ് കെയർ (96/25) | 22093 | 24050852014000534479/ 13.08.2024 | 11628 |
| | | 244118 | 24050852014001287694/ 06.02.2025 | 103741 |
| 2 | അതിദരിദ്രർക്ക് മെഡിസിൻ വാങ്ങൽ (97/25) | 70913 | 24050852014000614556/ 3.09.2024 | 50250 |
| | | 14000 | 24050852014001471359/ 10.03.2025 | 14000 |
| 3 | പി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ (98/25) | 147347 | 24050852014000614554/ 03.09.2024 | 46706 |
| | | 53760 | 24050852014000763618/ 09.10.2024 | 53760 |

മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തതിന്റെ വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 വെള്ളക്കരം കുടിശ്ശികത്തുകയുടെ കൃത്യത പരിശോധിക്കേണ്ടതാണ്

2023 സെപ്റ്റംബർ മാസം വരെ 209 ടാപ്പുകൾക്കുള്ള വാട്ടർചാർജായിരുന്നു ജല അതോറിറ്റി ഡിമാൻഡ് ചെയ്തിരുന്നത്. ജല അതോറിറ്റി എക്സി.എഞ്ചിനീയറുടെ 3-9-2024-ലെ എ ബി.3-3616/2019 Vol-11 കത്ത് പ്രകാരം എഴുമറ്റൂർ ഗ്രാമപഞ്ചായത്തിൽ 209 പൊതുടാപ്പുകളാണ് ഉണ്ടായിരുന്നതെന്നും, 125 ടാപ്പുകളിൽ 55 ടാപ്പുകൾ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഡിസ്കണക്ട് ചെയ്തിട്ടുണ്ടെന്നും, 15 ടാപ്പുകൾ നിലനിർത്തി ബാക്കിയുള്ളവ ഡിസ്കണക്ട് ചെയ്യുവാനായി തുക ഒടുക്കിയതിനാൽ 15 ടാപ്പുകളുടെ വെള്ളക്കരമാണ് ഡിമാൻഡ് ചെയ്യുന്നതെന്നും വ്യക്തമാക്കിയിരിക്കുന്നു. പ്രസ്തുത കത്ത് പ്രകാരം 2023സെപ്റ്റംബർ വരെ 209, തുടർന്ന് 2023 ഡിസംബർ വരെ 70, 2024 ജനവരിമുതൽ 15 എന്നിങ്ങനെയാണ് ടാപ്പുകളുടെ എണ്ണം സൂചിപ്പിച്ചിരി ക്കുന്നത്. 125 ടാപ്പുകളുടെ വെള്ളക്കരം ഡിമാൻഡ് ചെയ്തിട്ടില്ല. 209 ടാപ്പുകൾ എപ്രകാരമാണ് 125 എന്ന എണ്ണത്തിലേയ്ക്ക് എത്തിയതെന്ന് വ്യക്തമാക്കിയിട്ടില്ല. 125 ടാപ്പുകൾ ഉണ്ടായിരുന്നപ്പോൾ 209 ടാപ്പുകൾ ഉണ്ടെന്ന് രേഖപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിൽ വെള്ളക്കരം ഡിമാൻഡ് ചെയ്തതായാണ് ഇത് സൂചിപ്പിക്കുന്നത്. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ ഉണ്ടായിരുന്ന പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് കൃത്യത സ്ഥിരീകരിക്കേണ്ടതും, കുടിശ്ശികയുടെ കൃത്യത പരിശോധിക്കേണ്ടതുമാണ്.

## 1-27 വെള്ളക്കരം തുക ഒടുക്കിയത് കുടിശ്ശിക കണക്കിൽ കുറച്ചിട്ടില്ല

പൊതുടാപ്പുകളുടെ കുടിവെള്ളക്കരം കുടിശ്ശിക ഇനത്തിൽ 713100 രൂപ പ്രോജക്ട്നം. 50/25 പ്രകാരം സി.എഫ്.സി ഫണ്ടിൽ നിന്നും വകകൊള്ളിച്ച് (UTR No. R122405995166/19-12-2024, 641790, UTR No. R032502280090/9-3-2025, 71310) ജലഅതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ജലഅതോറിറ്റിയുടെ കുടിശ്ശികക്കണക്കിൽ കുറവുവരുത്തിയിട്ടില്ല. ഒടുക്കിയ തുക ഉൾപ്പെടുത്തി കുടിശ്ശിക തുക കുറവ് വരുത്തുന്നതിന് നമ്പർ എ1-100/2025, 14-5-2025 കത്ത് പ്രകാരം ജലഅതോറിറ്റിയെ അറിയിച്ചെങ്കിലും മറുപടിയൊന്നും ലഭ്യമായിട്ടില്ല. ഒടുക്കിയ തുക ക്രമീകരിച്ച് കുടിശ്ശിക തുകയുടെ കൃത്യത സ്ഥിരീകരിക്കേണ്ടതാണ്.

## 1-28 ഫണ്ട് ലഭ്യമായില്ല

DCAT Tool (Disaster And Climate Action Tracker) പ്രകാരം സർവ്വേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന് 76% സ്കോർ ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ (76 - 80 സ്കോർ ലഭിച്ചതിനാൽ) 60% ഫണ്ട് ഇനത്തിൽ 1111698.11 രൂപയും, സ്കോറിന്റെ അടിസ്ഥാനത്തിൽ ബാക്കി 40% തുകയിൽ 664738.46 രൂപ ഇൻക്രിമെന്റ് ഇനത്തിലും കണക്കാക്കി ആകെ 1776436.57രൂപ 29/08/2024 തീയതിയിലെ G.O (Ms.) No. 113/2024/LSGD-ാം നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു. എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2023 - 24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനായി പ്രോജക്ട് നമ്പർ 49/24 ദുരന്തനിവാരണ അനുബന്ധ പ്രവർത്തനങ്ങൾ എന്ന പദ്ധതി പ്രകാരം തുക ഉപയോഗിച്ച് ദുരന്തനിവാരണ പ്രവർത്തനത്തിനാവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിനായി ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം എന്നീ വർക്കിംഗ് ഗ്രൂപ്പ് യോഗം കൂടുന്നതിനും ടി വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശത്തിന് ശേഷം പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി പദ്ധതികൾ തയ്യാറാക്കുന്നതിനും 30-1-2025-ലെ 25(1)നമ്പർ പ്രകാരം അംഗീകരിച്ച് തീരുമാനിച്ചിരുന്നു. ആയതിന്റെ തുടർ പ്രവർത്തനങ്ങൾ ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി (21/26-7-2025) നൽകിയതിന് ഫണ്ട് ഇതുവരെയായും ലഭ്യമായില്ലെന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. സർക്കാർ അനുവദിച്ചുതന്ന ഫണ്ട് ലഭ്യമാകാതിരുന്നതിന്റെ കാരണം അന്വേഷിക്കേണ്ടതും , ദുരന്ത നിവാരണ മേഖലയിൽ ചെലവഴിക്കാവുന്ന ഫണ്ട് ലഭ്യത ഉറപ്പാക്കി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതുമാണ്.

## 1-29 യോഗ നടപടികളുടെ മിനിട്ട്സ് തയ്യാറാക്കിയതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ചില്ല

1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിൽ സമയപരിധി പാലിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | യോഗ തീയതി | സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി | അദ്ധ്യക്ഷൻ അപ്രൂവ് ചെയ്ത തീയതി |
|---|---|---|---|
| 1 | 21-6-2024 | 24-7-2024 | 24-7-2024 |
| 2 | 10-7-2024 | 12-8-2024 | 12-8-2024 |
| 3 | 22-7-2024 | 16-8-2024 | 16-8-2024 |
| 4 | 31-7-2024 | 16-8-2024 | 16-8-2024 |
| 5 | 14-10-2024 | 4-12-2024 | 4-12-2024 |
| 6 | 26-10-2024 | 30-11-2024 | 30-11-2024 |
| 7 | 11-11-2024 | 30-11-2024 | 30-11-2024 |
| 8 | 24-12-2024 | 7-2-2025 | 7-2-2025 |
| 9 | 1-1-2025 | 21-2-2025 | 21-2-2025 |

| | | | |
|---|---|---|---|
| 10 | 7-1-2025 | 21-2-2025 | 21-2-2025 |
| 11 | 17-2-2025 | 24-5-2025 | 24-5-2025 |
| 12 | 25-2-2025 | 5-6-2025 | 5-6-2025 |
| 13 | 10-3-2025 | 23-7-2025 | 23-7-2025 |
| 14 | 19-3-2025 | 11-6-2025 | 11-6-2025 |
| 15 | 25-3-2025 | 17-7-2025 | 17-7-2025 |
| 16 | 27-3-2025 | 11-6-2025 | 11-6-2025 |

കൂടാതെ, 2-5-2025,12-5-2025,23-6-2025,7-7-2025,15-7-2025എന്നീ ദിവസങ്ങളിലെ മിനിട്ട്സ് നാളിതുവരെയായും ക്ലോസ് ചെയ്തിട്ടില്ലെന്നും കാണുന്നു. നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ മിനിട്ട്സ് അംഗീകാരത്തിന് സമർപ്പിക്കാത്തതിനും, ക്ലോസ് ചെയ്യാത്തതിനും കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/2-8-2025) മിനിട്ട്സ് സമയബന്ധിതമായി എഴുതി പൂർത്തിയാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിയമം അനുശാസിക്കുന്ന കാലപരിധിക്കുള്ളിൽ മിനുട്ട്സ് പൂർത്തീകരിക്കേണ്ടതാണ്.

## 1-30 ഭവനപുനരുദ്ധാരണം ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചില്ല

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷവും, മുൻവർഷങ്ങളിലും ഭവനനിർമ്മാണ, പുനരുദ്ധാരണ പ്രവൃത്തികൾക്ക് ആദ്യഗഡുതുകകൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ലെന്ന് കാണുന്നു.

| ക്രമ നം | ഗുണഭോക്താവ് | പ്രോജക്ട് | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ശ്യാമളാ രാജൻ | വീട് വാസയോഗ്യമാക്കൽ (SCP) | 50000 (2023-24) |
| 2 | മത്തായി ജോർജ് കൈമല, എഴുമറ്റൂർ | വീട് വാസയോഗ്യമാക്കൽ (ജനറൽ) | 25000 (2023-24) |
| 3 | ശശി, വേലൻപറമ്പിൽ, എഴുമറ്റൂർ | ഭവന പുനരുദ്ധാരണം (SCP) | 50000 (2023-24) |
| 4 | സുഷമ, ചക്കലപ്പടി,എഴുമറ്റൂർ | ലൈഫ് (TSP) | 436000 (2023-24) |
| 5 | ഹരി സി വി, വേലൻപറമ്പിൽ, എഴുമറ്റൂർ | ലൈഫ് (TSP) | 460000 (2022-23) |

ആദ്യഗഡു തുകകൾ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ, പുനരുദ്ധാരണ പ്രവൃത്തികളുടെ പുരോഗതി വിവരം ലഭ്യമാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് ക്രമനം 4,5 എന്നിവർ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ടെന്നും, ക്രമനം1,2,3 എന്നിവർ ആദ്യഗഡു തുകകൾ കൈപ്പറ്റിയശേഷം തുടർ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ലെന്നും അവർക്കു നൽകിയ തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കുമെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. ആദ്യഗഡു തുകകൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും, അല്ലാത്തപക്ഷം നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 1-31 ഗ്രാന്റ് വിനിയോഗത്തിലെ കുറവ് -ഷോർട്ട്ഫോളിനത്തിൽ തുക നഷ്ടപ്പെട്ടു

സ.ഉ.(കൈ)നം. 79/2021/ഫിൻ., തീയതി 15-07-2021 പ്രകാരം വികസന ഫണ്ടിലെ പൊതുവിഭാഗം സാധാരണ വിഹിതം, പട്ടിക ജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം, സംരക്ഷണ ഫണ്ട് എന്നിവയിൽ ഓരോന്നിലും ഒരു സാമ്പത്തിക വർഷം അനുവദിച്ച തുകയിൽനിന്നും ആ വർഷം ചെലവഴിക്കാൻ കഴിയാത്ത ഫണ്ട് ക്യാരി ഓവർ വിഹിതമായി (അനുവദിച്ച ഫണ്ടിന്റെ 20 ശതമാനം വരെ) തൊട്ടടുത്ത വർഷം

അനുവദിക്കുന്നതാണ്. വിനിയോഗ ശതമാനം 80-ൽ കുറവാണെങ്കിൽ യഥാർത്ഥ ചെലവും ആകെ അനുവദിച്ച ഫണ്ടിന്റെ 80% എന്നിവയും തമ്മിലുള്ള വ്യത്യാസം ഷോർട്ട് ഫാൾ ആകുന്നതാണ്. വികസന ഫണ്ട് എസ്.സി.പി/ടി.എസ്.പി ഫണ്ടുകളിൽ സംഭവിക്കുന്ന ഇപ്രകാരമുള്ള ഷോർട്ട് ഫാൾ തുക തുടർന്നുള്ള വർഷങ്ങളിലെ വികസന ഫണ്ട് പൊതു വിഭാഗത്തിൽനിന്ന് പരിഹാര വകയിരുത്തലായി കുറവ് ചെയ്യുന്നതുമാണ്. 2024-25 സാമ്പത്തിക വർഷം വികസന ഫണ്ട് ടി.എസ്.പി, സംരക്ഷണ ഗ്രാന്റ് (റോഡിതരം) എന്നീ വിഭാഗങ്ങളിൽ 80 ശതമാനത്തിലധികം ചെലവ് കൈവരിക്കാൻ സാധിച്ചിട്ടില്ല. തൻവർഷം 80% -ത്തിൽ അധികം തുക ചെലവഴിക്കാതെ ഷോർട്ട് ഫാളായ ഫണ്ടിനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ഫണ്ടിനം** | **അലോട്ട്മെന്റ്** | **ചെലവ്** | **ചെലവ് ശതമാനം** | **അനുവദിക്കുന്ന പരമാവധി ക്യാരി ഓവർ തുക (2025-26 വർഷത്തേക്ക്)** | **ഷോർട്ട് ഫോൾ (തിരികെ കിട്ടാത്ത തുക )** |
|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് -റോഡ് | 9061000 | 4881728 | 53.88 | 1812200 | 2367072 |
| സംരക്ഷണഗ്രാന്റ് -റോഡിതരം | 5060000 | 3673109 | 72.59 | 1012000 | 374891 |

അനുവദിക്കപ്പെട്ട ബജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പ്രോജക്ടുകൾ യഥാസമയം നിർവ്വഹണം നടത്താത്തത് മൂലം ഗ്രാമപഞ്ചായത്തിന് ഭീമമായ ഫണ്ട് നഷ്ടവും ഷോർട്ട് ഫാളും ഉണ്ടാകുവാനിടയായ വിഷയം പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതി ചെലവിലുണ്ടാകുന്ന കുറവ് തുടർവർഷങ്ങളിൽ ലഭ്യമാകുന്ന പദ്ധതി വിഹിതത്തെയും ബാധിക്കുമെന്നതിനാൽ ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അടിയന്തര ശ്രദ്ധയും ക്രിയമാത്മകമായ ഇടപെടലും ഉണ്ടാകേണ്ടതാണ്.

## 1-32 ഇലക്ട്രിഫിക്കേഷൻ നടത്തിയില്ല- പദ്ധതി ഭൗതിക ലക്ഷ്യം കൈവരിച്ചില്ല

തെള്ളിയൂർ ഗവ.എൽ.പി. സ്കൂളിൽ ആധുനിക ടോയ്ലറ്റ് നിർമ്മിക്കുന്നതിനായി 2023-24, 2024-25 വർഷങ്ങളിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 7,61,923 രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചു. പദ്ധതിയുടെ ഭാഗമായി പെൺകുട്ടികളുടെ ടോയ്ലറ്റിൽ സ്ഥാപിച്ച Incinarator Napkin Wending Machine, വൈദ്യുതി സംവിധാനം ഇല്ലാത്തതിനാൽ പ്രയോജനരഹിതമായി. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം. | 144/24, 159/25 |
| പദ്ധതി അടങ്കൽ | Rs. 763200 |
| ചെലവ് | Rs. 7,01,118 -- 2023-24<br>Rs. 60,805 -- 2024-25<br>**ആകെ 7,61,923** |
| പ്രവൃത്തി അന്തിമമായി പൂർത്തീകരിച്ച തീയതി | 21-03-2025 |

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായുള്ള പ്രത്യേക ടോയ്ലറ്റാണ് നിർമ്മിച്ചിട്ടുള്ളത്. Incinarator Napkin Wendingപദ്ധതി Mchine സ്ഥാപിച്ചതിന് 37,642 രൂപ ചെലവഴിച്ചിട്ടുണ്ട് (31,900+ ജി.എസ്.ടി.+ 5,742). മെഷീൻ സ്ഥാപിച്ചത് 13-03-2024 -ൽ ആണ്. സ്ഥാപിച്ച് ഒരു വർഷത്തിന് ശേഷവും മെഷീൻ പ്രവർത്തനക്ഷമമാക്കി കുട്ടികൾക്ക് പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ, ടോയ്ലറ്റിൽ വൈദ്യുതി കണക്ഷൻ ഇല്ലാത്തതിനാലാണ് ഉപകരണം പ്രവർത്തിപ്പിക്കാനാകാത്തത് എന്ന് ബോധ്യപ്പെട്ടു. കെട്ടിട നിർമ്മാണത്തോടൊപ്പം വൈദ്യുതീകരണ പ്രവൃത്തിക്കുള്ള ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഇലക്ട്രിഫിക്കേഷൻ ഇനങ്ങൾ ഉൾപ്പെടുത്താതെ ഇൻസിനറേറ്റർ സ്ഥാപിച്ചത് പദ്ധതി ആസൂത്രണത്തിലെ

വീഴ്ചയാണ്.

അപാകതൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/2024-25, തീയതി: 01-08-2025), 2025-26 വർഷം തന്നെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടത്തി ഇൻസിനറേറ്റർ പ്രവർത്തന ക്ഷമമാക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയറും സ്കൂൾ ഹെഡ്മാസ്റ്ററും അറിയിച്ചിട്ടുണ്ട്. സ്ഥാപിച്ച ഉപകരണങ്ങൾ നശിച്ചുപോകാതെ പ്രയോജനപ്പെടുത്താനുള്ള അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-33 നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസ്സം- പദ്ധതി ചെലവ് നിഷ്ഫലമാകുന്നു

കേരള വാട്ടർ അതോറിറ്റി, കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്, ഭൂജല വകുപ്പ് എന്നീ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപ പ്രവൃത്തികൾക്കായി തുക ഒടുക്കുന്നുണ്ടെങ്കിലും സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം നൽകുന്നതിൽ സ്ഥാപനങ്ങൾ വീഴ്ചവരുത്തുന്നുണ്ട്. ഏക വർഷ പദ്ധതിയായി അംഗീകാരം നേടി കരാർ നിബന്ധനകൾക്ക് വിധേയമായാണ് നിർവ്വഹണ ഏജൻസികൾക്ക് ഫണ്ട് കൈമാറുന്നത്. എന്നാൽ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടോ എന്നത് തദ്ദേശഭരണ സ്ഥാപനം ഉറപ്പാക്കുന്നില്ല. 2020-21 മുതൽ 2024-25 വരെയുള്ള കാലയളവിൽ നിക്ഷേപ പ്രവൃത്തികൾക്കായി തുക ഒടുക്കിയതിൽ ചുവടെ ചേർക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കുകയോ, വിനിയോഗ സാക്ഷ്യപത്രം പഞ്ചായത്തിന് കൈമാറുകയോ ചെയ്തിട്ടില്ല. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് (പ്രോജക്ട് നം.) | തുക | വർഷം | ഏജൻസി |
|---|---|---|---|---|
| 01 | തെള്ളിയൂർക്കാവ് ജലവിതരണ പദ്ധതി വിപുലീകരണം (S0206/21) | 30,00,000 | 2020-21 | KWA |
| 02 | ളാഹേത്ത് പടി അടിച്ചിനാകുഴി റോഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S0204/21) | 65,136 | „ | KSEB |
| 03 | വാഴക്കാല പെരുമ്പാറ റോഡിൽ അവശേഷിക്കുന്ന ഭാഗത്ത് സ്ട്രീറ്റ്മെയിൻ വലിക്കൽ (S0183/21) | 29,750 | „ | „ |
| 04 | 8-ാം വാർഡിലെ വള്ളിക്കാല കോളഭാഗം റോഡിൽ വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ (S0118/21) | 1,07,100 | „ | „ |
| 05 | വാർഡ് 10-ലെ വിവിധ റോഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ (S0052/21) | 79,730 | „ | „ |
| 06 | തെള്ളിയൂർ പി.എച്ച്.സി-യിലേക്ക് 3 ഫേസ് കണക്ഷൻ | 18,387 | 2021-22 | „ |
| 07 | തെരുവ് വിളക്ക് ലൈനുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് തുക നൽകൽ (114/23) | 2,62,668 | 2022-23 | KSEB |
| 08 | 1,2 വാർഡുകൾക്കായി മാക്കാട് ഭാഗത്ത് കുഴൽ കിണർ നിർമ്മാണം (2/23) | 1,00,000 | „ | GWD |
| 09 | കുമ്പംകുളം പടി കുഴൽ കിണർ നിർമ്മാണം വാർഡ് 3 (18/23) | 1,00,000 | „ | GWD |
| 10 | വാർഡ് 14 ലെ വേങ്ങഴ ഭാഗത്ത് പുതിയ കുഴൽകിണർ നിർമ്മാണം (19/23) | 1,03,000 | „ | GWD |
| 11 | 19/24 – ആശ്രാമം താന്നിക്കൽ റോഡിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ (വാർഡ് 4) | 20,320 | 2023-24 | KSEB |
| 12 | 161/24 – തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 87,969 | „ | „ |

| | | | | |
|---|---|---|---|---|
| 13 | ഒൻപതാം വാർഡിലെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (57/25) | 90,535 | 2024-25 | KSEB |
| 14 | പതിമൂന്നാം വാർഡിലെ വിവിധ സ്ഥലത്ത് സ്ട്രീറ്റ് ലൈൻ വലിക്കൽ (60/25) | 1,05,336 | „ | „ |
| 15 | ഒന്നാം വാർഡിലെ വിവിധ സ്ഥലത്ത് വൈദ്യുത ലൈൻ വലിക്കൽ (110/25) | 1,20,974 | „ | „ |
| 16 | അഞ്ചാം വാർഡിലെ വിവിധ സ്ഥലത്ത് വൈദ്യുത ലൈൻ വലിക്കൽ (111/25) | 1,68,697 | „ | „ |
| 17 | പതിമൂന്നാം വാർഡിലെ വിവിധ സ്ഥലത്ത് സ്ട്രീറ്റ് ലൈൻ വലിക്കൽ (115/25) | 1,39,334 | „ | „ |

2024-25 വാർഷിക ധനകാര്യ പത്രിക പ്രകാരം, വിവിധ നിർവ്വഹണ ഏജൻസികളിൽ തുക നിക്ഷേപിച്ചതിൽ ക്രമീകരിക്കാനുള്ള തുകയുടെ വിവരം ഇപ്രകാരമാണ്.

| | |
|---|---|
| Advance To Implementing Agencies - Deposit With KWA | 96,12,845 |
| Advance To Implementing Agencies - Deposit With KSEB | 24,48,733 |
| Advance To Implementing Agencies - Deposit With Ground Water Department | 3,03,000 |

പദ്ധതികളുടെ നിർവ്വഹണ പുരോഗതി ഗ്രാമപഞ്ചായത്ത് യഥാസമയം വിലയിരുത്തുന്നില്ല. നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ, പദ്ധതിയിൽ വിഭാവനം ചെയ്ത നേട്ടങ്ങൾ പൊതുജനങ്ങൾക്ക് അനുഭവവേദ്യമാകാത്ത സ്ഥിതിയാണുള്ളത്. പദ്ധതി പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിന് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/2024-25, തീയതി: 02-08-2025), തുക വിനിയോഗിച്ചതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള മറുപടി മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.

നിക്ഷേപ പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി നിരീക്ഷിക്കേണ്ടതും, സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കി ബന്ധപ്പെട്ട ഏജൻസികളിൽനിന്നും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

### 1-34 ഇ-ടെണ്ടർ ഫീ - ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയില്ല

ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ കൈകാര്യം ചെയ്യുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ. തെള്ളിയൂർ ശാഖയിൽ ആരംഭിച്ച അക്കൗണ്ടിൽ **(A/C No. 38528849330)** 92,570 രൂപ നീക്കിയിരിപ്പുണ്ട് (31-03-2025). ആയത് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് യഥാസമയം കൈമാറേണ്ടതായിരുന്നു.

തുക കൈമാറാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി (നം.11/2024-25, തീയതി: 29-07-2025). ഓഡിറ്റ് എൻക്വറിക്ക് മറുപടിയായി, രണ്ട് അസിസ്റ്റന്റ് എഞ്ചിനീയറന്മാരുടെ കാലയളവിൽ പദ്ധതി നിർവ്വഹണം നടത്തിയതുമായി ബന്ധപ്പെട്ട തുകയാണിതെന്നും തുക സംബന്ധിച്ച വിശദാംശങ്ങൾ ബന്ധപ്പെട്ട എഞ്ചിനീയറന്മാരിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് തുക പഞ്ചായത്ത് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് കൈമാറി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 1-35 കരാർ കാലാവധിയിൽ പൂർത്തീകരിക്കാത്ത പ്രവൃത്തിക്ക് പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ, യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയിട്ടില്ല. എഗ്രിമെന്റിലെ വ്യവസ്ഥ പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചില്ലായെങ്കിൽ നിശ്ചിത കാലാവധിയുടെ ഇരുപത് ശതമാനം സമയം (അഞ്ചിലൊന്ന്) കൂടി പിഴയില്ലാതെ അനുവദിക്കാവുന്നതാണ്. അതിൽ കൂടുതൽ വരുന്ന മൂന്ന് മാസം വരെ സമയം കരാർ തുകയുടെ 1% പിഴ ചുമത്തികൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% ചുമത്തികൊണ്ടും കാലാവധി നീട്ടി നൽകാവുന്നതാണ്. ഇപ്രകാരം ഫൈൻ ഈടാക്കാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ നമ്പരും പേരും | കരാർ തുക | കരാർ തീയതി | കരാറുകാരന്റെ പേര് | സൈറ്റ് കൈമാറിയ തീയതി | കാലാവധി | പിഴയില്ലാതെ പ്രവൃത്തി പൂർത്തീകരി-ക്കേണ്ടിയിരുന്ന തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി/പ്രവൃത്തി മൂല്യം/ബിൽ നം./തീയതി |
|---|---|---|---|---|---|---|---|---|
| 1 | ആശ്രമം മുളക്കൽ റോഡ് ഐറിഷ് ഡ്രെയിൻ നിർമ്മാണം വാർഡ് 4 (179/25)<br>ഫണ്ട് - സംരക്ഷണ ഗ്രാന്റ് റോഡ് | 103592 | 21-11-2023 | സാബു കെ.ഒ. | 01-12-2023 | 4 മാസം | 25-04-2024 | 16-12-2024<br>Rs. 122239<br>1087707/24-12-2024 |
| 2 | ചവർണക്കാട് -മുതുപാല റോഡ് റീ ടാറിങ് വാർഡ് 10 (163/25)<br>ഫണ്ട്- സംരക്ഷണ ഗ്രാന്റ് റോഡ് | 567745 | 12-06-2023 | രമേഷ് കെ.കെ. | 22-06-2023 | 4 മാസം | 15-11-2023 | 12-02-2024<br>Rs. 665196<br>1288334/27-02-2024 |
| 3 | വേങ്ങഴ – അട്ടക്കുഴി റോഡ് റീ ടാറിങ് വാർഡ് 14 (155/25)<br>ഫണ്ട്- സംരക്ഷണ ഗ്രാന്റ് റോഡ് | 626023 | 13-03-2023 | രമേഷ് കെ.കെ. | 23-03-2023 | 4 മാസം | 15-08-2023 | 27-10-2023<br>Rs. 671758<br>00833107/23-11-2023 |
| 4 | ചുഴന കോളനി നടപ്പാത പുനരുദ്ധരാണം വാർഡ് 6 (177/25)<br>ഫണ്ട് -വികസനഫണ്ട് SCP | 930015 | 15-03-2023 | രമേഷ് കെ.കെ. | 23-03-2023 | 4 മാസം | 15-08-2023 | 24-02-2024<br>Rs. 832538<br>690303/23-09-2024 |

കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.14/2024-25 തീയതി: 29-07-2025)-ക്ക്, മേൽ പ്രവൃത്തികൾ കരാർ കാലയളവിനുള്ളിൽ പൂർത്തിയാക്കിയിരുന്നില്ലായെന്നും ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-36 മരാമത്ത് പ്രവൃത്തികൾ ഇൻഷ്വർ ചെയ്യുന്നില്ല

2024-25 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ, ഏതാനും പ്രവൃത്തികൾ ഇൻഷ്വർ ചെയ്തിട്ടില്ലായെന്ന് ബോധ്യപ്പെട്ടു. അസ്സിസ്റ്റന്റ് എൻജിനീയർ കരാറുകാരന് നൽകിയ ലൈറ്റർ ഓഫ് അക്സപ്റ്റൻസ് പ്രകാരം കരാർ വെച്ച് കഴിഞ്ഞാൽ പതിനഞ്ച് ദിവസത്തിനകം പ്രവൃത്തി ഇൻഷ്വർ ചെയ്ത് കരാറുകാരൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഇപ്രകാരം പ്രവൃത്തി ഇൻഷ്വർ ചെയ്തില്ലായെങ്കിൽ കരാറുകാരനിൽ നിന്നും കരാർ തുകയുടെ 0.2% തുക ഫൈൻ ഈടാക്കേണ്ടതാണ്. ഇൻഷ്വർ ചെയ്യാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റിന്റെ പേരും നമ്പരും | കരാർ തുക | കരാർ തീയതി | കരാറുകാരന്റെ പേര് | പദ്ധതി ചെലവ് | ഈടാക്കേണ്ട തുക |
|---|---|---|---|---|---|---|
| 1 | തട്ടയ്ക്കാട്ടിൽ പടി മാന്താനത്ത് പടി റോഡ് | 102231 | 01-02-2025 | സതീഷ്കുമാർ വി. | 120633 | 204 |

| | | | | | | |
|---|---|---|---|---|---|---|
| | കോൺക്രീറ്റിങ്ങ് വാർഡ് 10 (09/25) | | | | | |
| 2 | ഗ്രാമപഞ്ചായത്ത് ആഫീസ് റോഡ് കോൺക്രീറ്റിംഗ് (203/25) | 184924 | 01-02-2025 | സതീഷ്കുമാർ വി. | 217433 | 370 |
| 3 | കോളറേത്ത്പടി കാവിൻപുറം പടി റോഡ് കോൺക്രീറ്റിംഗ് (204/25) | 114649 | 01-02-2025 | സതീഷ്കുമാർ വി. | 135286 | 229 |
| 4 | തെള്ളിയൂർ ഗവ മോഡൽ എൽ പി എസ് മെയിൻറനൻസ് (148/25) | 420158 | 20-05-2023 | സുനിൽ എം.ജി. | 488520 | 840 |
| 5 | ആശ്രമം മുളക്കൽ റോഡ് പുനരുദ്ധാരണം വാർഡ് 4 (151/25) | 471558 | 13-03-2023 | ശ്രുമേഷ് കെ.കെ. | 505879 | 943 |
| 6 | കാരമല ഉന്നത്താനി റോഡ് റീകോൺക്രീറ്റിംഗ് വാർഡ് 12 (119/25) | 126894 | 09-11-2023 | രാഹുൽരാജ് ബി. | 149735 | 254 |
| 7 | തെള്ളിയൂർക്കാവ് അടിച്ചിനാക്കുഴി റോഡ് റീ കോൺക്രീറ്റ് (108/25) | 254642 | 02-02-2023 | ശ്രീ. കെ.ഒ.സാബു | 270167 | 509 |
| 8 | പറത്താനത്ത്മല അമ്പിനിക്കാട് റോഡ് റീകോൺക്രീറ്റിംഗ് വാർഡ് 8 (150/25) | 103103 | 16-03-2024 | ജയകൃഷ്ണൻ ഗോപിനാഥൻ നായർ | 121662 | 206 |
| 9 | ആശ്രമം താന്നിയ്ക്കൽപടി ആരംഭഭാഗം റോഡ് കോൺക്രീറ്റിംഗ് വാർഡ് 4 (167/25) | 70949 | 24-01-2025 | രമേഷ് കെ.കെ. | 83720 | 142 |
| 10 | നിരവുംപുറം ശ്രീകണ്ഠേശ്വരം റോഡ് റീകോൺക്രീറ്റിംഗ് (173/25) | 73469 | 16-11-2023 | കെ.ഒ.സാബു | 86693 | 147 |
| 11 | വേങ്ങഴ -അട്ട ക്കുഴി റോഡ് റീടാറിങ് വാർഡ് 14 (155/25) | 626023 | 13-03-2023 | രമേഷ് കെ.കെ. | 671758 | 1252 |
| 12 | എംസിഎഫിൽ അടിസ്ഥാന സൌകര്യം മെച്ചപ്പെടുത്തൽ (181/25) | 250735 | 21-11-2023 | കെ.ഒ.സാബു | 199614 | 501 |
| 13 | തെള്ളിയൂർ ഗവ എൽ പി എസിൽ ആധുനിക | 690879 | 03-04-2023 | ഇരുപ്പക്കൽ കൺസ്ട്രക്ഷൻസ് | 761923 | 1382 |

| | | | | | | |
|---|---|---|---|---|---|---|
| | ടോയ് ലറ്റ് നിർമ്മാണം (159/25) | | | | | |
| 14 | പഞ്ചായത്ത് ആഫീസ് നവീകരണം (180/25) | 797328 | 16-11-2023 | കെ.ഒ.സാബു | 868854 | 1595 |
| 15 | തെള്ളിയൂർ PHC പുനരുദ്ധാരണം (107/25) | 592628 | 20-05-2023 | സുനിൽ എം.ജി. | 601942 | 1185 |
| 16 | ചുഴന കോളനി നടപ്പാത പുനരുദ്ധരാണം വാർഡ് 6 (177/25) | 930015 | 15-03-2023 | രമേഷ് കെ.കെ. | 832538 | 1860 |
| 17 | ചവർണക്കാട് -മുതുപാല റോഡ് റീടാറിങ് വാർഡ് 10 (163/25) | 567745 | 12-06-2023 | രമേഷ് കെ.കെ. | 665196 | 1135 |
| 18 | പള്ളിപ്പടി -പഴമണ്ണിൽപ്പടി റോഡ് പുനരുദ്ധാരണം വാർഡ് 6,7 (182/25) | 624500 | 04-03-2023 | ഇരുപ്പക്കൽ കൺസ്ട്രക്ഷൻസ് | 593625 | 1249 |
| 19 | കരകോയിക്കൽപടി ചൂരനോലിസൺഡേസ്കൂൾ പടി റോഡ് റീടാറിങ്ങ് ഐറിഷ് ഡ്രെയിൻ വാർഡ് 6 (29/25) | 413853 | 28-02-2025 | ഇരുപ്പക്കൽ കൺസ്ട്രക്ഷൻസ് | 450000 | 827 |
| 20 | ആശ്രമം മുളക്കൽ റോഡ് ഐറിഷ് ഡ്രെയിൻ നിർമ്മാണം വാർഡ് 4 (179/25) | 103592 | 21-11-2023 | കെ.ഒ.സാബു | 122239 | 207 |

പ്രവൃത്തികൾ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/29-07-2025) മറുപടിയായി, കരാറുകാർക്ക് ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് സമർപ്പിക്കാത്തപക്ഷം പിഴ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിന്മേൽ തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1–37 നിക്ഷേപ പ്രവൃത്തികൾ– തിരികെ ലഭിച്ച തുക അക്കൗണ്ടിൽ അവശേഷിക്കുന്നു

നിക്ഷേപ പ്രവൃത്തികൾക്കായി ഗ്രാമപഞ്ചായത്ത് മുൻ വർഷങ്ങളിൽ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ തുകയിൽ, തിരികെ ലഭിച്ച തുക ബാങ്കിൽ കിടക്കുന്നതായും പ്രസ്തുത തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് (പ്രോജക്ട് നം.) | നിക്ഷപിച്ച തുക | വർഷം | തിരികെ ലഭിച്ച തുക | തിരികെ ലഭിക്കാനുണ്ടായ കാരണം |
|---|---|---|---|---|---|
| 01 | കുടുക്കപ്പതാൽ ഞാക്കക്കാല റോഡിൽ പൈപ്പ് ലൈൻ നീട്ടൽ (81/15) | 70,000 | 2014-15 | 70,000 | പ്രവൃത്തി ഉപേക്ഷിച്ചു. |
| 02 | വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി (S0207/21) | 23,00,000 | 2020-21 | 4,46,329 | 1853671 രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചു. ബാലൻസ് തുക 446329 രൂപ റീഫണ്ട് ചെയ്തു |

| | ആകെ | | | 5,16,329 | |
|---|---|---|---|---|---|

ക്രമനം. 1 പ്രകാരമുള്ള തുക നിക്ഷേപിച്ചത് 2014-15 സാമ്പത്തിക വർഷമാണ്. തുക നിക്ഷേപിച്ച് 9 വർഷത്തിന് ശേഷം പ്രവൃത്തി ഉപേക്ഷിച്ച എന്ന കാരണം പറഞ്ഞാണ് തുക തിരികെ ലഭ്യമാക്കിയിട്ടുള്ളത്. തുക നിക്ഷേപിച്ചതിന് ശേഷം തുടർ അന്വേഷണം ഇല്ലാത്ത കാരണത്താലാണ് ഇത്തരത്തിൽ പ്രവൃത്തി മുടങ്ങാനിടയായതും വർഷങ്ങൾക്ക് ശേഷം തുക തിരികെ ലഭിക്കാനുള്ള സാഹചര്യം ഉണ്ടാകുന്നതും.

നിർവ്വഹണ ഏജൻസികളിൽ നിന്ന് ഇപ്രകാരം ലഭിക്കുന്ന തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതോ, ജല ജിവൻ മിഷന്റെ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാവുന്നതോ ആണ്. അപ്രകാരമുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-38 അങ്കണവാടിയോട് ചേർന്ന് നിർമ്മിച്ച എം.സി.എഫ്. നിഷ്ക്രിയ ആസ്തിയായി

8.41 ലക്ഷം രൂപ ചെലവിൽ ഗ്രാമപഞ്ചായത്തിലെ 12-ാം വാർഡിൽ കാരമലയിൽ, 49-ാം നമ്പർ അങ്കണവാടിയോട് ചേർന്ന് നിർമ്മിച്ച മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി, (എം.സി.എഫ്.) പൊതുജനങ്ങളുടെ പ്രതിഷേധം കാരണം ഉപേക്ഷിച്ചു.

2023-24 വർഷം നിർമ്മാണം പൂർത്തിയാക്കിയ എം.എസി.എഫ്. കെട്ടിടമാണ് പൊതു ജനങ്ങളുടെ പ്രതിഷേധം കാരണം ഇത്തരത്തിൽ തുറന്ന് പ്രവർത്തിപ്പിക്കാനാകാതെ നിഷ്ക്രിയമായി കിടക്കുന്നത്. 2023-24 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഇത് സംബന്ധിച്ച് വിശദമായ പരാമർശം ഉൾപ്പെടുത്തിയിരുന്നു. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ സൂക്ഷിക്കേണ്ട കെട്ടിടം അങ്കണവാടിയോട് ചേർന്ന് നിർമ്മിച്ചത് കാരണമാണ് കെട്ടിടം ഉപേക്ഷിക്കേണ്ടി വന്നത്. അധികൃതരുടെ ഭാഗത്ത് നിന്നുണ്ടായ ഗുരുതര വീഴ്ച കാരണമാണ് ഇപ്രകാരം സംഭവിച്ചതെന്ന് ഓഡിറ്റ് ചൂണ്ടിക്കാണിച്ചിരുന്നു.

പദ്ധതി ആസൂത്രണത്തിലെ പോരായ്മയും പ്രായോഗികതയില്ലായ്മയും മൂലമാണ് പദ്ധതിപ്പണം പാഴാകാനിടയായതും കെട്ടിടം നിഷ്ക്രിയമായി കിടക്കാനും ഇടയായത്. കെട്ടിടം ഉപയോഗപ്രദമാക്കുന്നതിനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതും പദ്ധതിപ്പണം നഷ്ടമാകാതിരിക്കാനുള്ള ക്രിയാത്മക സമീപനം കൈക്കൊള്ളേണ്ടതുമാണ്.

## 1-39 മുൻ വർഷങ്ങളിൽ എഗ്രിമെന്റ് വെച്ച പ്രവൃത്തികൾ നടപ്പായില്ല-പദ്ധതിപ്പണം ലാപ്സായി

2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ എഗ്രിമെന്റ് വെച്ചതും സ്പിൽ ഓവർ പദ്ധതികളായി നിലനിർത്തിയിരുന്നതുമായ പദ്ധതികൾ 2024-25 വർഷത്തിലും നടപ്പാക്കിയിരുന്നില്ല. വിവിധ പ്രവൃത്തികൾക്ക് 4 മാസമാണ് പൂർത്തീകരണ കാലയളവ് അനുവദിച്ചിട്ടുള്ളത്. നടപ്പാകാതിരുന്ന പ്രവൃത്തികളിൽ, അങ്കണവാടി നവീകരണം, ആശുപത്രി കെട്ടിടം, മാലിന്യ സംസ്കരണത്തിനായുള്ള പ്രോജക്ടുകൾ എന്നിവ ഉൾപ്പെടുന്നു. ഇപ്രകാരം മുൻ വർഷങ്ങളിലും, തൻവർഷവും എഗ്രിമെന്റ് വെച്ച പ്രവൃത്തികൾ നടപ്പാകാതിരുന്നതിനാൽ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ ₹ 41,79,272 രൂപയും, നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ ₹13,86,891 രൂപയും വിനിയോഗിക്കാനായില്ല. പദ്ധതി നിർവ്വഹണത്തിലുണ്ടായ വീഴ്ച്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/29.07.2025) അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ വിശദീകരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര്/ പദ്ധതി നം. | അടങ്കൽ | കരാറുകാരൻ | എഗ്രിമെന്റ് നം. തീയതി, കരാർ തുക | പദ്ധതികളുടെ നിലവിലെ സ്ഥിതി/ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|---|
| 01 | അംഗനവാടി നമ്പർ 55 മെയ്ന്റനൻസ് വാർഡ്-10 (147/25) | 50000 | ശ്രീ. കെ.എം.മാത്യു | 21/AE/LSGD /EZMR/2021-22 27-08-2021 | പ്രവൃത്തി പൂർത്തീകരിച്ചു. ബിൽ നൽകിയിട്ടില്ല. |
| 02 | തെള്ളിയൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ സാനിറ്ററി കോംപ്ലക്സ് (176/25) | 600000 | സുനിൽ എം.ജി | 39/AE/LSGD /EZMR/2021-22 26-11-2021 | പ്രവൃത്തി ചെയ്യുമ്പോൾ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥല പരിമിതി ഉണ്ടാകുമെന്നതിനാൽ |

| | | | | | |
|---|---|---|---|---|---|
| | | | | | ഹോസ്പിറ്റൽ അധികാരികൾ പ്രവൃത്തി ചെയ്യുവാൻ സമ്മതിച്ചിട്ടില്ല. പദ്ധതി ഉപേക്ഷിക്കുവാൻ പഞ്ചായത്ത് കമ്മിറ്റിയ്ക്ക് പല പ്രാവശ്യം കത്ത് നൽകിയെങ്കിലും ടൈഡ് ഫണ്ട് വകയിരുത്തിയ പ്രോജക്ട് ആയതിനാൽ നാളിതുവരെ പ്രോജക്ട് ഉപേക്ഷിക്കുവാൻ കമ്മിറ്റി തീരുമാനമെടുത്തിട്ടില്ല. |
| 03 | തെള്ളിയൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ദ്രവമാലിന്യ സംസ്കരണ സംവിധാനം (158/25) | 250000 | സുനിൽ എം.ജി | 59/AE/LSGD /EZMR/2021-22<br>17-03-2022 | പ്രവൃത്തി ചെയ്യുമ്പോൾ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥല പരിമിതി ഉണ്ടാകുമെന്നതിനാൽ ഹോസ്പിറ്റൽ അധികാരികൾ പ്രവൃത്തി ചെയ്യുവാൻ അധികാരികൾ സമ്മതിച്ചിട്ടില്ല. പദ്ധതി ഉപേക്ഷിക്കുവാൻ പഞ്ചായത്ത് കമ്മിറ്റിയ്ക്ക് പല തവണ കത്ത് നൽകിയെങ്കിലും ടൈഡ് ഫണ്ട് വകയിരുത്തിയ പ്രോജക്ട് ആയതിനാൽ നാളിതുവരെ പ്രോജക്ട് ഉപേക്ഷിക്കുവാൻ കമ്മിറ്റി തീരുമാനമെടുത്തിട്ടില്ല |
| 04 | ഉപ്പുമാങ്കൽ എസ് റ്റി കോളനിയിൽ കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സ് നിർമ്മാണം (165/25) | 300000 | അനി.ൽകുമാർ വി.ബി. | 02/AE/LSGD /EZMR/2022-23<br>09-06-2022 | പ്രവൃത്തി പൂർത്തീകരിച്ചു. ഫൈനൽ ബിൽ തുക നൽകുന്നതിനായി രേഖകൾ പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ട്. |
| 05 | ടേക്ക്-എ-ബ്രേക്ക് ടോയ്ലറ്റ് കോംപ്ലക്സ്-അനുബന്ധ പ്രവർത്തനങ്ങൾ (152/25) | 185888 | സുനിൽ എം.ജി | 32/AE/LSGD /EZMR/2023-24<br>16-03-2024 | നോട്ടീസ് നൽകിയെങ്കിലും കരാറുകാരൻ നാളിതുവരെ പ്രവൃത്തി ആരംഭിച്ചില്ല. ഈ സാമ്പത്തിക വർഷം തന്നെ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

| | | | | | |
|---|---|---|---|---|---|
| 06 | ചുഴന ലക്ഷം വീട് മുതൽ വെള്ളയിൽ റോഡ് റീടാറിങ്ങും ഐറിഷ് ഡ്രെയിൻ നിർമ്മാണവും വാർഡ് 5 (174/25) | 690000 | ബിജു കെ.ജെ. | 29/AE/LSGD /EZMR/2023-24 27-02-2024 | നോട്ടീസ് നൽകിയെങ്കിലും കരാറുകാരൻ നാളിതുവരെ പ്രവൃത്തി ആരംഭിച്ചില്ല. ഈ സാമ്പത്തിക വർഷം തന്നെ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| 07 | അണ്ടത്ര മണ്ണിൽ പടി തട്ടയ്ക്കാട്ട് പടി റോഡ് അറ്റകുറ്റപണികൾ വാർഡ് 11 183/25 | 680000 | ബിജു കെ.ജെ. | 16/AE/LSGD /EZMR/2023-24 06-02-2024 | നോട്ടീസ് നൽകിയെങ്കിലും കരാറുകാരൻ നാളിതുവരെ പ്രവൃത്തി ആരംഭിച്ചില്ല. ഈ സാമ്പത്തിക വർഷം തന്നെ പദ്ധതി പൂർത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| 08 | കർത്തമാങ്കൽ മുക്കുഴി റോഡ് റീടാറിംഗ് ഐറിഷ് ഡ്രെയിൻ നിർമ്മാണം വാർഡ്-13 (160/25) | 680000 | ബിജു കെ.ജെ. | 30/AE/LSGD /EZMR/2023-24 27-02-2024 | നോട്ടീസ് നൽകിയെങ്കിലും കരാറുകാരൻ നാളിതുവരെ പ്രവൃത്തി ആരംഭിച്ചില്ല. ഈ സാമ്പത്തിക വർഷം തന്നെ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| 09 | കൊറ്റംകുടി വാഴക്കാല റോഡ് റീടാറിംഗും ഐറിഷ് ഡ്രെയിൻ നിർമ്മാണവും വാർഡ് -1 (161/25) | 680000 | ബിജു കെ.ജെ. | 15/AE/LSGD /EZMR/2023-24 06-02-2024 | നോട്ടീസ് നൽകിയെങ്കിലും കരാറുകാരൻ നാളിതുവരെ പ്രവൃത്തി ആരംഭിച്ചില്ല. ഈ സാമ്പത്തിക വർഷം തന്നെ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| 10 | മാവേലിൽ പുത്തേടത്ത് റോഡ് കോൺക്രീറ്റിംഗ് വാർഡ് -9 (156/25) | 170000 | ബിജു കെ.ജെ. | 15/AE/LSGD /EZMR/2023-24 17-02-2024 | പദ്ധതി പ്രകാരം റോഡ് കോൺക്രീറ്റ് ചെയ്തെങ്കിലും ശക്തമായ മഴയിൽ കോൺക്രീറ്റ് ചെയ്ത ഭാഗത്തിന്റെ കുറച്ചുഭാഗം ഒലിച്ചുപോയി. ആയത് റെക്ടിഫൈ ചെയ്യുന്നതിന് കരാറുകാരൻ അറിയിച്ചെങ്കിലും |

| | | | | | |
|---|---|---|---|---|---|
| | | | | | നാളിതുവരെ ടി ഭാഗം കോൺക്രീറ്റ് ചെയ്തിട്ടില്ല. |
| 11 | എലിക്കുഴ ലക്ഷംവീട് കോളനി റോഡ് മെയിൻറനൻസ് വാർഡ് 1 (145/25) | 157350 | ബിജു കെ.ജെ. | 11/AE/LSGD /EZMR/2023-24 16-11-2023 | നോട്ടീസ് നൽകിയെങ്കിലും കരാറുകാരൻ നാളിതുവരെ പ്രവൃത്തി ആരംഭിച്ചില്ല. ഈ സാമ്പത്തിക വർഷം തന്നെ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

തെള്ളിയൂർ PHC-യിൽ നടപ്പാക്കേണ്ട രണ്ട് പദ്ധതികളായ സാനിറ്ററി കോംപ്ലക്സ് നിർമ്മാണം, ദ്രവമാലിന്യ സംസ്കരണ സംവിധാനം ഒരുക്കൽ എന്നീ പദ്ധതികൾ നിർവ്വഹിക്കുന്നതിന് സ്ഥല പരിമിതിമൂലം ഹോസ്പിറ്റൽ അധികാരികൾ സമ്മതം നൽകുന്നില്ല എന്ന അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിച്ചു. 2024-25-ലും പദ്ധതി സ്പിൽ ഓവറായി തുടർന്നിട്ടുണ്ട്. പദ്ധതി രൂപീകരണ പ്രക്രീയയിലെ വലിയ പോരായ്മയാണ് ഇത് കാണിക്കുന്നത്. പദ്ധതിയുടെ സ്റ്റേക്ക് ഹോൾഡേഴ്സുമായി കൂടി ആലോചിക്കാതെയും, പ്രോജക്ടിന്റെ സാങ്കേതിക ക്ഷമതയും, പ്രായോഗികതയും പരിഗണിക്കാതെയുമാണ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്നാണ് വ്യക്തമാകുന്നത്.

നോട്ടീസ് നൽകിയിട്ടും പ്രവൃത്തി ഏറ്റെടുക്കാത്തതും മറ്റും കാരണങ്ങളാൽ പ്രവൃത്തി പൂർത്തീകരിക്കാത്തതുമായ വിഷയത്തിൽ ഭരണസമിതി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. കരാർ വ്യവസ്ഥകളും പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളും അനുസരിച്ച് കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തുകയാണെങ്കിൽ നിയമാനുസൃതം നോട്ടീസ് നൽകി 14 ദിവസങ്ങൾക്ക് ശേഷം കരാർ റദ്ദാക്കാവുന്നതും മറ്റൊരു കരാറുകാരൻ വഴി പ്രവൃത്തി പൂർത്തീകരിക്കാവുന്നതുമാണ്. അങ്ങനെ ചെയ്യുമ്പോൾ ഉണ്ടാകുന്ന അധിക ചെലവ് മുഴുവൻ കരാറുകാരന്റെ ജാമ്യ നിക്ഷേപത്തിൽ നിന്നും സ്ഥാവര ജംഗമ സ്വത്തുക്കളിൽ നിന്നും വസൂലാക്കാവുന്നതാണ്. കൂടാതെ കരാറുകാരന്റെ ലൈസൻസ് റദ്ദ് ചെയ്യാവുന്നതും കുറഞ്ഞത് 5 വർഷത്തേയ്ക്ക് പ്രവർത്തികൾ ഏറ്റെടുക്കുന്നതിൽ നിന്ന് വിലക്കാവുന്നതുമാണ്. പ്രവൃത്തി നടത്തുന്നതിൽ വീഴ്ചവരുത്തുന്ന കരാറുകാർക്കെതിരെ മേൽ പറഞ്ഞ പ്രകാരമുള്ള കർശന നടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-40 അങ്കണവാടികൾ-അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ അനുച്ഛേദം 8.8.2(1) പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണ്ണീച്ചർ, മറ്റ് ഭൗതിക സാഹചര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകുവാൻ നിർദ്ദേശിച്ചിരുന്നു. എം.ജി.എൻ.ആർ.ഇ.ജി.എസ്, വനിതാ ശിശുവികസന വകുപ്പ് എന്നിവയുമായി സഹകരിച്ച് ഇതിനായി പ്രവർത്തിക്കാവുന്നതാണെന്നും ബ്ലോക്ക്/ജില്ലാപഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടെ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഊർജ്ജിത ശ്രമങ്ങളുണ്ടാകേണ്ടതുണ്ടെന്ന് നേരിട്ടുള്ള അന്വേഷണത്തിൽ ഓഡിറ്റിന് ബോധ്യപ്പെട്ടു.

എഴുമറ്റൂർ ഗ്രാമ പഞ്ചായത്തിൽ 21 അങ്കണവാടികളാണ് പ്രവർത്തിക്കുന്നത്. അതിൽ കുടി വെള്ളം ലഭ്യമല്ലാത്ത 4 അങ്കണവാടികളുണ്ട്. 1-ാം വാർഡിൽ 41-ാം നമ്പർ അങ്കണവാടിയുടെ പരിസരത്ത് കൂടി ജൽജീവൽമിഷൻ പൈപ്പ് ലൈൻ കടന്നു പോകുന്നെങ്കിലും വാട്ടർ കണക്ഷൻ ലഭ്യമാക്കിയിട്ടില്ല. ബാക്കി 52, 53, 58 നമ്പർ അങ്കണവാടികളിലും വെള്ളം ലഭ്യമാക്കാൻ ജലസ്രോതസ്സുകൾ ഇല്ല. പ്രസ്തുത അങ്കണവാടികൾ വെള്ളത്തിനായി സമീപ വീടുകളെയാണ് ആശ്രയിക്കുന്നത്. 13 അങ്കണവാടികൾക്ക് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. 42, 47, 57, 124 എന്നീ 4 അങ്കണവാടികൾ നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കുടക്കല്ലുങ്കൽ 45-ാം നമ്പർ അങ്കണവാടി കെട്ടിടത്തിന്റെ പണി നിലവിൽ പൂർത്തീകരിച്ചു വരുന്നതായി ഐ.സി.ഡി.എസ്.

സൂപ്പർവൈസർ അറിയിച്ചു. കുലിപ്പാറ 44-ാം നമ്പർ അങ്കണവാടി ജില്ലാ പഞ്ചായത്ത് വിഹിതമുപയോഗിച്ചും, തടിയൂർ 50-ാം നമ്പർ അങ്കണവാടിയും ചുഴന്ന 48-ാം നമ്പർ അങ്കണവാടിയും എം.ജി.എൻ.ആർ.ഇ.ജി. മുഖേനയും നിർമ്മിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്.

അങ്കണവാടികൾക്ക് കെട്ടിടം, കുടിവെള്ളം, ചുറ്റുമതിൽ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളൊരുക്കാൻ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് പദ്ധതികൾ ആവിഷ്കരിക്കേണ്ടതും വരും വർഷങ്ങളിൽ എല്ലാ അങ്കണവാടികൾക്കും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-41 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-അർഹമായ മുഴുവൻ കാലയളവിലും ആനുകൂല്യം നല്കിയിട്ടില്ല

ക്ഷീര കർഷകരുടെ ഉന്നമനം ലക്ഷ്യമാക്കിയും പാലുൽപാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുമായി 2024-25 വർഷം പഞ്ചായത്ത് പാലിന് സബ്സിഡി എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം.&<br>പേര് | 105/25<br>പാലിന് സബ്സിഡി |
| അടങ്കൽ തുക | വികസന ഫണ്ട് - 300000<br>ബ്ലോക്ക് പഞ്ചായത്ത് - 250000<br>ജില്ലാ പഞ്ചായത്ത് - 250000<br>ആകെ - 800000 |
| ചെലവ് തുക | വികസന ഫണ്ട് - 245797<br>ബ്ലോക്ക് പഞ്ചായത്ത് - 100000<br>ജില്ലാ പഞ്ചായത്ത് - 157150<br>ആകെ - 502947 |
| നിർവഹണ ഉദ്യോഗസ്ഥ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

പഞ്ചായത്ത് പരിധിയിലുള്ള ക്ഷീരസംഘങ്ങളിൽ 2024 ഏപ്രിൽ മുതൽ പാലളന്ന കർഷകർക്ക് ലിറ്റർ ഒന്നിന് 3 രൂപ നിരക്കിൽ പരമാവധി 40000 രൂപ വരെ സബ്സിഡി നല്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ടി പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള പെരുമ്പെട്ടി, എഴുമറ്റൂർ, തെള്ളിയൂർ, വാളക്കുഴി, കൊറ്റൻകുടി, വെള്ളയിൽ, ഇടയ്ക്കാട്, നാരകത്താനി എന്നീ എട്ട് ക്ഷീരസംഘങ്ങളിലെ 190 കർഷകർക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. വികസന ഫണ്ട് , ബ്ലോക്ക് പഞ്ചായത്ത് ,ജില്ലാ പഞ്ചായത്ത് വിഹിതം ഉൾപ്പെടെ ആകെ 800000 രൂപ പദ്ധതിയ്ക്കായി വകയിരുത്തിയെങ്കിലും 502947 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പെരുമ്പെട്ടി (3 കർഷകർ) , വാളക്കുഴി (7കർഷകർ) തെള്ളിയൂർ (15കർഷകർ) , കൊറ്റൻകുടി ( 3കർഷകർ) , വെള്ളയിൽ (5കർഷകർ) എന്നീ ക്ഷീരസംഘങ്ങളിലെ കർഷകർക്ക് ജനുവരി വരെയും മറ്റു സംഘങ്ങളിലെ കർഷകർക്ക് ഡിസംബർ മാസം വരെയുമാണ് സബ്സിഡി ആനുകൂല്യം നൽകിയിട്ടുള്ളത്. പദ്ധതിയ്ക്കായി മതിയായ തുക വകയിരുത്തിയിട്ടും സാമ്പത്തിക വർഷം കർഷകർക്ക് അർഹമായ ആനുകൂല്യം വിതരണം ചെയ്യാതിരുന്നത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (28/01.08.25) , ഫണ്ടിന്റെ അപര്യാപ്തത മൂലം മുഴുവൻ കാലയളവിലും കർഷകർക്ക് സബ്സിഡി നൽകുന്നതിന് സാധിച്ചില്ലെന്നും സ്പിൽ ഓവറാക്കി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നിർവഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണവും, പാലിന്റെ അളവും കണക്കിലെടുത്ത് 12 മാസത്തെ ആനുകൂല്യം വിതരണം ചെയ്യാൻ കഴിയുംവിധം ഫണ്ട് ലഭ്യമാക്കി പ്രോജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെയും വർക്കിംഗ് ഗ്രൂപ്പിന്റെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-42 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, മാറാരോഗങ്ങൾ മുതലായവ മൂലം ദുരിതമനുഭവിക്കുന്നവർക്കും , ഗ്രാമപഞ്ചായത്ത് പരിധിയിൽ നിവസിക്കുന്നവരും, നിർധനരുമായ വ്യക്തികൾക്കും അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഓരോ പഞ്ചായത്തിലും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണെന്ന് 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പറഞ്ഞിട്ടുണ്ട്. ചട്ടം 3(4) പ്രകാരം ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധിയുടെ വരവ് ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഇതുവരെ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസനിധി അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-43 ജൽ ജീവൻ മിഷൻ പദ്ധതി – അവലോകനം

എല്ലാ ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽ ജീവൻ പദ്ധതി. ഇതിലൂടെ ജലസംരക്ഷണം, മഴവെള്ള സംഭരണം, റീചാർജ് ചെയ്യൽ, പുനരുപയോഗം തുടങ്ങിയ കാര്യങ്ങൾക്ക് പ്രാധാന്യം നൽകുന്നു.

ജൽ ജീവൻ മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്:

- ഓരോ ഗ്രാമീണ ഭവനത്തിലും വ്യക്തിഗത ഭവന കുടിവെള്ള കണക്ഷൻ (Functional Household Tap Connection – FHTC) നൽകുക.
- ജലത്തിന്റെ സുസ്ഥിരത ഉറപ്പാക്കുക.
- ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക.
- ജലവുമായുള്ള കമ്മ്യൂണിറ്റി സമീപനം പ്രോത്സാഹിപ്പിക്കുക.
- വിവരവിനിമയം, വിദ്യാഭ്യാസം, ആശയവിനിമയം എന്നിവയിലൂടെ ബോധവൽക്കരണം നടത്തുക.

ഗ്രാമീണ കുടുംബങ്ങൾ മാത്രമല്ല, പൊതുസ്ഥാപനങ്ങളായ സ്കൂളുകൾ, അംഗനവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, വെൽനസ് സെന്ററുകൾ തുടങ്ങിയവയും മതിയായ പരിഗണന പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.
ജൽജീവൻ മിഷൻ പദ്ധതി സംബന്ധിച്ച് വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/25.07.2025) വാട്ടർ അതോറിറ്റി/ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.
2021 ഒക്ടോബർ 16-ാം തീയതിയാണ് ജലജീവൻ മിഷൻ പദ്ധതിയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളത്. പദ്ധതിയുടെ ആകെ അടങ്കൽ 40,67,00,000 രൂപയാണ്. പദ്ധതി തുകയുടെ 45% കേന്ദ്ര ഗവൺമെന്റ് വിഹിതവും 30% സംസ്ഥാന ഗവൺമെന്റ് വിഹിതവും 15% ഗ്രാമപഞ്ചായത്ത് വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. പദ്ധതിയുടെ എസ്റ്റിമേറ്റിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl. No. | Heading Description | Amount In Rs |
|---|---|---|
| 1 | Annexure I- Pipe Line Extensions | 102597595.35 |
| 2 | Cost Of Materials | 158482379.90 |
| 3 | Annexure 2 – Providing House Connections | 67020061.88 |
| 4 | Annexure 3 - PWD Road Restoration Charges | 34442300.00 |
| 5 | Survey, Net Work Design And Allied Charges | 500000.00 |
| | Total | 363042337.13 |

| | | |
|---|---|---|
| | Provision Of GST Payment @ 12% | 43565080.46 |
| | Total &Centage | 406607417.59 |
| | Lumpsum For Round Off | 92582.41 |
| | Grand Total | 406700000.00 |
| | Funding Proposal | |
| | Govt.Of India Share (45%) | 183015000.00 |
| | Govt.Of Kerala Share (30%) | 122010000.00 |
| | Ezhumattoor GP Share (15%) | 61005000.00 |
| | Beneficiary Contribution (10%) | 40670000.00 |
| | TOTAL | 406700000.00 |

പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ആകെ ഗുണഭോക്താക്കളുടെ എണ്ണം 5394 ആണ്. 119 Km പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. 3129 കുടിവെള്ള കണക്ഷൻസ് നൽകിയിട്ടുണ്ട്. 70% കണക്ഷനുകളിലും കുടിവെള്ളം ലഭ്യമാണ്. കുടിവെള്ള സ്രോതസ്സ് ഉറപ്പ് വരുത്തിയിട്ടുണ്ട്. ഭാവിയിൽ പ്ലാന്റും പുതിയ വാട്ടർ ടാങ്കും സ്ഥാപിതമാകുന്ന വേളയിൽ ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന JJM പ്രവൃത്തിയിൽ ഉൾപ്പെട്ട പമ്പിങ് ലൈനുകൾ ചാർജിങ് ചെയ്യുന്ന സമയത്ത് വെള്ള ലഭിക്കുന്ന രീതിയിൽ ടി വർക്കിൽ തന്നെ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. മോട്ടോറും വാട്ടർ ടാങ്കും സ്ഥാപിക്കുന്നതിന് ടെണ്ടർ നടപടികൾ നടന്നു കൊണ്ടിരിക്കുന്നു. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കുഴിക്കുന്ന പഞ്ചായത്ത് റോഡുകൾ നിശ്ചിത സ്പെസിഫിക്കേഷനിലുള്ള പ്രവൃത്തിയിലൂടെ പൂർവ്വസ്ഥിതിയിൽ ആക്കുന്നതിന് ആവശ്യമായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിലെ പ്രധാനപ്പെട്ട റോഡുകളിൽ മാത്രം കോൺക്രീറ്റിങ് ചെയ്യുവാനുള്ള റീസ്റ്റോറേഷൻ ഐറ്റം മാത്രമാണ് വാട്ടർ അതോറിറ്റി കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് കുഴിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കിയിട്ടില്ലെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പറഞ്ഞിട്ടുള്ളത്.

ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങൾക്കായി വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്. പൊതുമരാമത്ത്, വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ കൂട്ടായ പ്രവർത്തനത്തിന് ഗ്രാമപ്പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതുണ്ട്. ജൽ ജീവൻ മിഷൻ പ്രവർത്തനം കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-44 ഹെൽത്ത് ഗ്രാന്റ് അവലോകനം

ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ (സാധാ) നം. 2132/2022/LSGD; 31.08.2022 ഉത്തരവ്, സ.ഉ (സാധാ) നം. 1625/2023/LSGD; 09.08.2023 ഉത്തരവ് എന്നിവ മുഖേന ലഭ്യമാക്കിയിട്ടുണ്ട്. സ്കീം-3, സ്കീം-4 എന്നിവ പ്രകാരമുള്ള ഗ്രാന്റും ലഭിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന് ഹെൽത്ത് ഗ്രാന്റിനത്തിൽ 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതുമായ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | സ്ഥാപനം | ലഭിച്ച ഹെൽത്ത് ഗ്രാന്റ് | | | **ആകെ** | ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ് | | | **ആകെ** | ബാലൻസ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | 2022-23 | 2023-24 | 2024-25 | | 2022-23 | 2023-24 | 2024-25 | | |
| 1 | Support For Diagnostic Infrastructure | പി.എച്ച്.സി | 485000 | 162000 | | 647000 | 485000 | 153400 | 0 | 638400 | 8600 |
| | | സി.എച്ച്.സി | 0 | 261000 | 0 | 261000 | 0 | 261000 | 0 | 261000 | 0 |
| 2 | Grant For Rural Health & Wellness Centres | പി.എച്ച്.സി | 224000 | 265500 | | 489500 | 224000 | 0 | | 224000 | 265500 |
| | | സി.എച്ച്.സി | 0 | 110000 | 0 | 110000 | 0 | 110000 | 0 | 110000 | 0 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 3 | Construction Of Building To Health Sub Centres | പി.എച്ച്.സി | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| | | സി.എച്ച്.സി | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| | ആകെ | | 709000 | 798500 | 0 | 1507500 | 709000 | 524400 | 0 | 1233400 | 274100 |

ഗ്രാമപഞ്ചായത്തിൽ 1 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററും 1 കുടുംബാരോഗ്യ കേന്ദ്രവും 5 ഹെൽത്ത് സെന്ററുകളുമാണുള്ളത്. തെള്ളിയൂർ, എഴുമറ്റൂർ എന്നീ മെയിൻ സെന്ററുകളും അമ്പിനിക്കാട്, മേത്താനം, വാളക്കുഴി എന്നിവിടങ്ങളിൽ സബ്സെന്ററുകളും പ്രവർത്തിക്കുന്നു. മേത്താനം സെന്ററിന് നിലവിൽ കെട്ടിടമുണ്ട്. വാളക്കുഴി സബ്സെന്ററിന് 5 സെന്റ് സ്ഥലം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും കെട്ടിടം പണി ആരംഭിച്ചിട്ടില്ല. എഴുമറ്റൂർ മെയിൻ സെന്റർ ഉൾപ്പെടുന്ന എഴുമറ്റൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ 2016 മുതൽ പ്രവർത്തിച്ച് വരുന്നത് ബ്ലോക്കിന്റെ അധീനതയിലുള്ള പ്രവർത്തനമില്ലാത്ത ഒരു ഓൾഡ് ഏജ് ഹോമിലാണ്. അമ്പിനിക്കാട് സബ്സെന്ററും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ (എഫ് എം) 3/138/2023 ,തീയതി 23.05.2023 സർക്കുലർ പ്രകാരം സ്ഥലമില്ലാത്ത ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി അഞ്ച് സെന്റിൽ കുറയാതെയുള്ള സ്ഥലം തദ്ദേശ സ്ഥാപനം ലഭ്യമാക്കേണ്ടതാണ്. വികസനഫണ്ട് (ജനറൽ), തനതുഫണ്ട് എന്നിവ ഉപയോഗിച്ച് സ്ഥലം വാങ്ങാവുന്നതാണ്. എന്നാൽ ഈ ആവശ്യത്തിന് പദ്ധതിയിൽപ്പെടുത്തി സ്ഥലം വാങ്ങിയിട്ടില്ല. സബ് സെന്ററുകൾ നിർമ്മിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. “Health Grant- Construction Of Sub Centers” എന്ന ഹെഡിൽ ഫണ്ട് ലഭിച്ചിട്ടില്ല.

സ്കീം-3 Support For Diagnostic Infrastructure എന്ന ഇനത്തിൽ ഗ്രാമപഞ്ചായത്തിൽ നാളിതു വരെ ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | | ചെലവഴിച്ച തുക | | | ആകെ |
|---|---|---|---|---|---|---|
| | | | 2022-23 | 2023-24 | 2024-25 | |
| 1 | ഉപകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ. | പി.എച്ച്.സി | | 0 | | 0 |
| | | സി.എച്ച്.സി | | 4890 | | 4890 |
| 2 | ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 64 തരം ടെസ്റ്റുകളും ഏർപ്പെടുത്തുക. | പി.എച്ച്.സി | | 0 | | 0 |
| | | സി.എച്ച്.സി | | 7940 | | 7940 |
| 3 | ഉപകരണങ്ങൾ, കിറ്റുകൾ , റീജന്റ് എന്നിവ വാങ്ങുന്നതിനും ഇവ സൂക്ഷിക്കുന്നതിനുമുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക. | പി.എച്ച്.സി | 477577 | 153400 | | 630977 |
| | | സി.എച്ച്.സി | | 278170 | | 278170 |
| 4 | ഉപകരണങ്ങളുടെ മെയിന്റനൻസ് | പി.എച്ച്.സി | 5573 | | | 5573 |
| | | സി.എച്ച്.സി | | | | |
| 5 | ലാബ് ടെക്നീഷ്യൻ, ഫീൽഡ് സ്റ്റാഫ് എന്നിവർക്ക് പരിശീലനം | പി.എച്ച്.സി | | | | |
| | | സി.എച്ച്.സി | | | | |
| 6 | ലാബ് ഇല്ലാത്ത സ്ഥാപനങ്ങളിൽ പുതിയ ലാബ് ആരംഭിക്കൽ. | പി.എച്ച്.സി | 1850 | | | 1850 |
| | | സി.എച്ച്.സി | | | | |
| | ആകെ | | 485000 | 444400 | | 929400 |

സ്കീം-4 പ്രകാരം Grant For Rural Health & Wellness Centres എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റ് ഉപയോഗിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്കായി നാളിതു വരെ ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | | ചെലവഴിച്ച തുക | | | ആകെ |
|---|---|---|---|---|---|---|
| | | | 2022-23 | 2023-24 | 2024-25 | |
| 1 | പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ. | പി.എച്ച്.സി | 72844 | | | 72844 |
| | | സി.എച്ച്.സി | | | | |
| 2 | ഇന്റർനെറ്റ് ചാർജ് | പി.എച്ച്.സി | 56656 | | | 56656 |
| | | സി.എച്ച്.സി | | | | |
| 3 | ബോധവൽക്കരണ ക്ലാസ്സുകൾ | പി.എച്ച്.സി | | | | |
| | | സി.എച്ച്.സി | | 21000 | | 21000 |
| 4 | ജീവനക്കാർക്കും ആശാ വർക്കേഴ്സിനും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം | പി.എച്ച്.സി | | | | |
| | | സി.എച്ച്.സി | | | | |
| 5 | ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങുക | പി.എച്ച്.സി | 94500 | | | 94500 |
| | | സി.എച്ച്.സി | | 89000 | | 89000 |
| | ആകെ | | 129500 | 110000 | | 239500 |

ഹെൽത്ത് ഗ്രാന്റ് ഫലപ്രദമായി വിനിയോഗിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. രണ്ട് സ്കീമുകളിലായി ചെലവാകാതെ അവശേഷിക്കുന്ന തുക വകയിരുത്തി പ്രോജക്റ്റുകൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ് പ്രീമിയം ഒടുക്കിയതിന്റെ - വിവരങ്ങൾ

മെഡിസെപ്പ് പ്രീമിയം ഒടുക്ക്(റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 13 | 71500 | 71500 | 0 | |

* 01.04.2024 മുതൽ 31.03.2025 നാളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നാളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| NIL | NIL | NIL | NIL | NIL | NIL |

3 . മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.07.2024 മുതൽ 31.07.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 0 | | NIL | 0 | |

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നാളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 30.09.2024 | 1000 | 0 | | |

## 4-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 | 28-07-2025 & 29-07-2025 | കെ.എസ്.എ-പി.റ്റി.എ/പി8 /991/2025<br>തീയതി: 26-08-2025 |

## 4-3 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 5,00,000 | ഇഞ്ചി മഞ്ഞൾ വിത്ത് വിതരണം (63/25) | 5,00,000 | ഇല്ല |
| „ | 2,44,118 | പാലിയേറ്റീവ് പരിചരണം (96/25) | 2,44,118 | „ |
| „ | 1,69,000 | ഭിന്നശേഷി കുട്ടികൾക്ക് | 1,69,000 | „ |

| | | | | |
|---|---|---|---|---|
| | | സ്കോളർഷിപ്പും ബത്തയും (112/25) | | |
| ,, | 1,92,389 | അങ്കണവാടി സപ്ലിമെന്ററി ന്യൂട്രിഷൻ പ്രോഗ്രാം (113/25) | 1,92,389 | ,, |
| ,, | 1,57,150 | പാലിന് സബ്സിഡി (105/25) | 1,57,150 | ,, |
| ,, | 2,00,000 | ലൈഫ് ഭവന നിർമ്മാണം-ജനറൽ വിഭാഗം (02/25) | 2,00,000 | ,, |
| ബ്ലോക്ക് പഞ്ചായത്ത് കോയിപ്രം | 1,00,000 | പാലിന് സബ്സിഡി (105/25) | 1,00,000 | ,, |
| ,, | 9,38,000 | ലൈഫ് ഭവന നിർമ്മാണം-ജനറൽ വിഭാഗം (02/25) | 9,38,000 | ,, |
| ,, | 50,000 | ലൈഫ് ഭവന നിർമ്മാണം എസ്.സി. (136/25) | 50,000 | ,, |
| ,, | 1,50,000 | മൈക്രോപ്ലാൻ- വീട് വാസയോഗ്യമാക്കൽ (131/25) | 1,50,000 | ,, |
| ,, | 21,627 | അങ്കണവാടി സപ്ലിമെന്ററി ന്യൂട്രിഷൻ പ്രോഗ്രാം (113/25) | 21,627 | ,, |
| ,, | 2,00,000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും (41/25) | 2,00,000 | ,, |
| ,, | 1,88,169 | അനുപൂരകപോഷകാഹാരം (40/25) | 1,88,169 | ,, |
| ,, | 13,40,000 | ലൈഫ് ഭവന നിർമ്മാണം-പട്ടികജാതി വിഭാഗം (43/25) | 13,40,000 | ,, |
| ,, | 40,000 | ലൈഫ് മിഷൻ ഭവനനിർമ്മാണം-ജനറൽ (128/25) | 40,000 | ,, |

## 4-4 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് (പ്രോജക്ട് നം.) | ഏജൻസി | തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് |
|---|---|---|---|---|
| 1 | 9 വാർഡിലെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (57/25) | KSEB | 90,535 | ഇല്ല |
| 2 | പതിമൂന്നാം വാർഡിലെ വിവിധ സ്ഥലത്ത് സ്ട്രീറ്റ് ലൈൻ വലിക്കൽ (60/25) | ,, | 1,05,336 | ,, |
| 3 | ഒന്നാം വാർഡിലെ വിവിധ സ്ഥലത്ത് വൈദ്യുത ലൈൻ വലിക്കൽ (110/25) | ,, | 1,20,974 | ,, |
| 4 | അഞ്ചാം വാർഡിലെ വിവിധ സ്ഥലത്ത് വൈദ്യുത ലൈൻ വലിക്കൽ (111/25) | ,, | 1,68,697 | ,, |
| 5 | പതിമൂന്നാം വാർഡിലെ വിവിധ സ്ഥലത്ത് സ്ട്രീറ്റ് ലൈൻ വലിക്കൽ (115/25) | ,, | 1,39,334 | ,, |

## 4-5 വായ്പ / വായ്പാതിരിച്ചടവ് വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി-KURDFC | 32,29,530 | 7,34,443 | 39,63,973 | 6,28,492 | -- | 33,35,481* |
| ലൈഫ് ഭവന പദ്ധതി-HUDCO | 22,79,446 | 8,37,182 | 31,16,628 | -- | -- | 31,16,628 |

*ലോൺ തുകയുടെ യഥാർത്ഥ നീക്കിയിരുപ്പും വാർഷിക കണക്കിലെ നീക്കിയിരുപ്പുമായി 1,74,118 രൂപയുടെ വ്യത്യാസം

## 4-6 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-7 സ്ഥിര നിക്ഷേപം

ഇല്ല

## 4-8 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിയമസഭാ സമിതി ശുപാർശ | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 2003-04 | 3-2 | 2006-07 | 3.18.2.5 | തെരുവുവിളക്കുകൾ സ്ഥാപിക്കൽ-വെണ്ണിക്കുളം അസി.എഞ്ചിനീയർക്ക് അടവാക്കിയത്-പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല | പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്തു. LFAC: 2021-23 41th Report Para-2 | പരാമർശം തീർപ്പാക്കുന്ന |
| 2014-15 | 2-1 | 2016-17 | അനുബന്ധം-3 | വസ്തു നികുതി-അപാകതകൾ | സമിതിയുടെ പരിഗണനയിൽ | വസ്തു നികുതി പിരിവ്-അപാകത പരിഹരിച്ചു |
| 2014-15 | 2-2 | 2016-17 | അനുബന്ധം-3 | വസ്തു നികുതി-അപാകതകൾ | ,, | വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു |
| 2015-16 | 2-7 | 2016-17 | അനുബന്ധം-5 | തൊഴിൽനികുതി -അപാകതകൾ | ,, | അപാകത പരിഹരിച്ചു |

## 4-10 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 16 പ്രകാരം ചാർജ്-സർചാർജ് നടപടികൾ സ്വീകരിച്ചതിന്റെയും തുക ഈടാക്കിയതിന്റെയും പുരോഗതി വിവരം താഴെ കൊടുക്കുന്നു.

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | റസീപ്റ്റ് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 6,20,67,179 | 12,95,90,871 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,00,94,969 | 12,28,73,548 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | ഇല്ല | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല | -- |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**തടസ്സപ്പെടുത്തിയ തുക**

ഇല്ല

**സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം**

ബാധകമല്ല

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം. |
|---|---|---|
| 2001-02 (ജ.ആ) | എൽ.എഫ്.പിറ്റിഎ/പി8/178/04, തീയതി 2.11.2004/14.1.2005 | 2 |
| 2002-03 (ചെലവ്) | എൽ.എഫ്.പിറ്റിഎ/പി8/462/07, തീയതി 12.12.2011/21.7.2012 | 7 |
| 2003-04 | എൽ.എഫ്.പിറ്റിഎ/പി3/389/05, തീയതി 5.5.2006 | 4 |

| | | |
|---|---|---|
| 2004-05 | എൽ.എഫ്.പിറ്റിഎ/പി5/676/11, തീയതി 9.12.2011/27.7.2012 | 2 |
| 2005-06 | എൽ.എഫ്.പിറ്റിഎ/പി5/677/11, തീയതി 12.12.2011/28.7.2012 | 4 |
| 2006-07 മുതൽ 2010-11 വരെ | എൽ.എഫ്.പിറ്റിഎ/പി8/975/12, തീയതി 23.3.2013/3.6.2014 | 15 |
| 2015-16 | കെ.എസ്.എ.പിറ്റിഎ/പി8/1359/16, തീയതി 24.12.2016 | 10 |
| 2016-17 | കെ.എസ്.എ.പിറ്റിഎ/പി8/1131/17, തീയതി 4.10.2017 | 9 |
| 2017-18 | കെ.എസ്.എ.പിറ്റിഎ/പി8/1379/18, തീയതി 24.10.2018 | 8 |
| 2018-19 | കെ.എസ്.എ.പിറ്റിഎ/പി8/4/2020, തീയതി 3.2.2020 | 6 |
| 2019-20 | കെ.എസ്.എ.പിറ്റിഎ/പി8/750/21, തീയതി 20.12.2021 | 5 ഖണ്ഡികകൾ<br>1-11, 1-12, 1-18, 1-19, 1-20 |
| 2020-21 | കെ.എസ്.എ.പിറ്റിഎ/പി8/751/21, തീയതി 20.12.2021 | 6 ഖണ്ഡികകൾ<br>1-11-1, 1-16-1, 1-18, 1-20 & 1-29, 1-30 |
| 2021-22 | കെ.എസ്.എ.പിറ്റിഎ/പി8-1431/22, തീയതി: 23.01.2023 | 18 ഖണ്ഡികകൾ<br>1-11, 1-12, 1-13, 1-14, 1-16, 1-17 1-18, 1-19, 1-20, 1-21, 1-23, 1-25, 1-26, 1-27, 1-30, 1-33, 1-34, 4-2 |
| 2022-23 | കെ.എസ്.എ.പിറ്റിഎ/പി8-1165/23, തീയതി: 05.12.2023 | 6 ഖണ്ഡികകൾ<br>1-17,1-19, 1-20, 1-21, 1-22. 1-25 |
| 2023-24 | കെ.എസ്.എ.പിറ്റിഎ/പി8-857/24, തീയതി: 07.09.2024 | 18 ഖണ്ഡികകൾ<br>1-12, 1-14, 1-15, 1-16, 1-17, 1-18, 1-20 മുതൽ 1-31 വരെ |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure-1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 31-05-2025 and submitted on 06-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the EZHUMATTOOR Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of EZHUMATTOOR Grama Panchayat as on 31-03-2025

**Date: 26/08/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of EZHUMATTOOR Grama Panchayat for the Year 2024-2025.

### 1.Major Observations

The asset value shown in the Balance sheet is not traceable to the asset register due to the unsupported design of the existing asset register.

### 2.Other Observations

1. Cash Flow Statement - The net increase in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.

2. Lapses in making timely and accurate demand entries in respect of tax and non tax revenue.

3. Schedule B-18: The amount deposited in various implementing agencies for deposit works is not accurate and reliable for audit.

4. Schedule B-18: Advance to MGNREGS-There is a difference of Rs. 2,07,076 between the balance recorded in the Annual Accounts (Rs. 8,68,571) and the actual accounts (Rs. 10,75,647).

5(1). Schedule B-18: An outstanding water bill payment of Rs. 7,13,100 was incorrectly accounted for under the head Deposit With KWA (460500201) instead of the revenue head-Water Charge for Street Tap (230110101).
(2). Schedule B-11(e): Capital Expense (Infrastructure Sector) - The expense amount for the construction of the Panchayat office building (Rs. 6,79,282) was booked under the asset head even before the construction was completed. It should have been accounted for under Capital Work In Progress.
(3). Schedule I-14(A): Project No. 159/25 - The expense amount for the construction of the Govt. LPS toilet (Rs.60,805) was booked under the revenue head (251100008) instead of the asset head.
6. Schedule B-17: The passbook balance of SIB Vennikulam (A/c No. 10658) (Rs.65,63,518) and the balance as per the annual financial statement (Rs. 65,73,724) have a difference of âÂÂÂÂ'10,206. This was not reconciled with the bank balance.
7. Schedule B-17: The balance amount of the DCB Saksharata account (Rs.15,529) has not been included as a liability in the balance sheet (Schedule B-4).
8. Schedule B-4: Beneficiary Contribution- Balance shown in the Balance sheet is incorrect.
9. Schedule B-5: The Life Mission loan Account- The balance on the balance sheet doesn't match with the actual balance.
10. The income and expenditure accounts of the employment guarantee scheme does not match with the actual accounts.

11.Schedule B-4: Contributions For Other Specific Purposes - From Block Panchayats (320700404): Life Project -No revenue contribution entry has been made.

12.Entries made through journals are not authentic. Authorised vouchers or records were not maintained.
13.There is a difference of â' 8,78,000 in the accounting of the Finance Commission's grants (Tied & Untied) due to a misallocation of heads.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്